പുസ്തകം 1. ലക്കം 4.

ഒക്ടോബർ - ഡിസംബർ 2012

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീപുരം പബ്ലിക്കേഷനുവേണ്ടി
ശ്രീകാന്ത് സി.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. ശ്രീകൃഷ്ണസ്തോത്രം
2
2. ലളിതാസഹസ്രനാമം വ്യാഖ്യാനം
5
3. സംസ്കൃതപഠനം
9
4. തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം
13
4. ഭാഗവതത്തിലെ ക്രിയായോഗം
16
5. ആത്മബോധം : ഒരു ദിവ്യൗഷധം
21
6. മാതൃസങ്കല്പവും മഹത്ത്വവും
24
7. പുസ്തകനിരൂപണം :
ലളിതാസ്തവരത്നം (ഗുരുപ്രിയാവ്യാഖ്യാ)
31

മുഖചിത്രം

ദേവതാ : ബഗളാമുഖി

# ശ്രീകൃഷ്ണസ്തോത്രം

സമ്പാദകൻ : ഡി. പ്രകാശ്

മാഹേശ്വരതന്ത്രത്തിൽനിന്ന് എടുത്തിട്ടുള്ള ഒരു ശ്രീകൃഷ്ണസ്തുതിയാണിത്. ജപവും പൂജയും ഒന്നും കൂടാതെ ഭഗവാൻ ശ്രീകൃഷ്ണനെ എങ്ങനെ പ്രസന്നനാക്കാം എന്ന പാർവ്വതിയുടെ ചോദ്യത്തിന് ശിവൻ ഈ സ്തോത്രം പറഞ്ഞുകൊടുക്കുന്നു.

1. കൃഷ്ണം കമലപത്രാക്ഷം സച്ചിദാനന്ദവിഗ്രഹം
സഖീയൂഥാന്തരചരം പ്രണമാമി പരാത്പരം.

2. ശൃംഗാരരസരൂപായ പരിപൂർണ്ണസുഖാത്മനേ
രാജീവാരുണനേത്രായ കോടികന്ദർപരൂപിണേ.

3. വേദാദ്യഗമ്യരൂപായ വേദവേദ്യസ്വരൂപിണേ
അവാങ്മനസവിഷയനിജലീലാപ്രവർത്തിനേ.

4. നമഃ ശുദ്ധായ പൂർണ്ണായ നിരസ്തഗുണവൃത്തയേ
അഖണ്ഡായ നിരംശായ നിരാവരണരൂപിണേ.

5. സംയോഗവിപ്രലംഭാഖ്യഭേദഭാവമഹാബ്ധയേ
സദംശവിശ്വരൂപായ ചിദംശാക്ഷരരൂപിണേ.

6. ആനന്ദാംശസ്വരൂപായ സച്ചിദാനന്ദരൂപിണേ
മര്യാദാതീതരൂപായ നിരാധാരായ സാക്ഷിണേ.

7. മായാപ്രപഞ്ചദൂരായ നീലാചലവിഹാരിണേ
മാണിക്യപുഷ്പരാഗാദ്രിലീലാഖേലപ്രവർത്തിനേ.

8. ചിദന്തര്യാമിരൂപായ ബ്രഹ്മാനന്ദസ്വരൂപിണേ
പ്രമാണപഥദൂരായ പ്രമാണാഗ്രാഹ്യരൂപിണേ.

9. മായാകാലുഷ്യഹീനായ നമഃ കൃഷ്ണായ ശംഭവേ
ക്ഷരായാക്ഷരരൂപായ ക്ഷരാക്ഷരവിലക്ഷിതേ.

10. തുരീയാതീതരൂപായ നമഃ പുരുഷരൂപിണേ
മഹാകാമസ്വരൂപായ കാമതത്ത്വാർത്ഥവേദിനേ.

11. ദശലീലാവിഹാരായ സപ്തതീർത്ഥവിഹാരിണേ
വിഹാരരസപൂർണ്ണായ നമസ്തുഭ്യം കൃപാനിധേ.

12. വിരഹാനലസന്തപ്തഭക്തചിത്തോദയായ ച
ആവിഷ്കൃതനിജാനന്ദവിഫലീകൃതമുക്തയേ.

13. ദ്വൈതാദ്വൈതമഹാമോഹതമഃപടലപാടിനേ
ജഗദുത്പത്തിവിലയസാക്ഷിണേഽവികൃതായ ച.

14. ഈശ്വരായ നിരീശായ നിരസ്താഖിലകർമ്മണേ
സംസാരധ്വാന്തസൂര്യായ പൂതനാപ്രാണഹാരിണേ.

15. രാസലീലാവിലാസോർമ്മിപൂരിതാക്ഷരചേതസേ
സ്വാമിനീനയനാംഭോജഭാവഭേദൈകവേദിനേ.

16. കേവലാനന്ദരൂപായ നമഃ കൃഷ്ണായ വേധസേ
സ്വാമിനീകൃപയാനന്ദകന്ദലായ തദാത്മനേ.

17. സംസാരാരണ്യവീഥീഷു പരിഭ്രാന്താമനേകധാ
പാഹി മാം കൃപയാ നാഥ ത്വദ്വിയോഗാധിദുഃഖിതാം.

18. ത്വമേവ മാതൃപിത്രാദിബന്ധുവർഗ്ഗാദയശ്ച യേ
വിദ്യാ വിത്തം കുലം ശീലം ത്വത്തോ മേ നാസ്തി കിംചന.

19. യഥാ ദാരുമയീ യോഷിച്ചേഷ്ടതേ ശില്പിശിക്ഷയാ
അസ്വതന്ത്രാ ത്വയാ നാഥ തഥാഹം വിചരാമി ഭോഃ.

20. സർവ്വസാധനഹീനാം മാം ധർമ്മാചാരപരാങ്മുഖാം
പതിതാം ഭവപാഥോധൗ പരിത്രാതും ത്വമർഹസി.

21. മായാഭ്രമണയന്ത്രസ്ഥാമൂർദ്ധ്വാധോ ഭയവിഹ്വലാം
അദൃഷ്ടനിജസങ്കേതാം പാഹി നാഥ ദയാനിധേ.

22. അനർത്ഥേഽർത്ഥദൃശം മൂഢാം വിശ്വസ്താം ഭയദസ്ഥലേ
ജാഗൃതവ്യേ ശയാനാം മാമുദ്ധരസ്വ ഭയാപര.

23. അതീതാനാഗതഭവസന്താനവിവശാന്തരാം
ബിഭേമി വിമുഖീഭൂയ ത്വത്തഃ കമലലോചന.

24. മായാലവണപാഥോധിപയഃപാനരതാം ഹി മാം
ത്വത്സാന്നിധ്യസുധാസിന്ധുസാമീപ്യം നയ മാ ചിരം.

25. ത്വദ്വിയോഗാർത്തിമാസാദ്യ യജ്ജീവാമീതി ലജ്ജയാ
ദർശയിഷ്യേ കഥം നാഥ മുഖമേതദ്വിഡംബനം.

26. പ്രാണനാഥവിയോഗേഽപി കരോമി പ്രാണധാരണം
അനൗചിതീ മഹത്യേഷാ കിം ന ലജ്ജയതേ ഹി മാം.

27. കിം കരോമി ക്വ ഗച്ഛാമി കസ്യാഗ്രേ പ്രവദാമ്യഹം
ഉത്പദ്യന്തേ വിലീയന്തേ വൃത്തയോ/ബ്ധൗ യഥോർമ്മയഃ.

28. അഹം ദുഃഖാകുലാ ദീനാ ദുഃഖഹാ ന ഭവത്പരഃ
വിജ്ഞായ പ്രാണനാഥേദം യഥേച്ഛസി തഥാ കുരു.

29. തതശ്ച പ്രണമേത് കൃഷ്ണം ഭൂയോ ഭൂയഃ കൃതാഞ്ജലിഃ
ഇത്യേതദ് ഗുഹ്യമാഖ്യാതം ന വക്തവ്യം ഗിരീന്ദ്രജേ.

30. ഏവം യഃ സ്തൗതി ദേവേശി ത്രികാലം വിജിതേന്ദ്രിയഃ
ആവിർഭവതി തച്ചിത്തേ പ്രേമരൂപീ സ്വയം പ്രഭുഃ.

## പുരശ്ചരണം

ഒരു ദേവതയുടെയോ ദേവന്റേയോ മന്ത്രം അക്ഷരലക്ഷം ജപിച്ച ഹോമാദ്യംഗങ്ങളോടുകൂടി ആ ദേവതയെ/ദേവനെ പ്രീതിപ്പെടുത്തുന്ന ഒരു ക്രിയയാണ് ഇത്. ഏതു താന്ത്രികക്രിയകൾ ചെയ്യുന്നതിനുമുമ്പും തന്റെ ഇഷ്ടദേവതയുടെ മന്ത്രം പുരശ്ചരണം ചെയ്തു സിദ്ധിവരുത്തണം. അത് ചെയ്യുന്ന ക്രിയകളുടെ ഫലസിദ്ധിയ്ക്ക് അത്യാവശ്യമാണ്. സാധാരണ മന്ത്രപുരശ്ചരണം എന്നത് മന്ത്രത്തിൽ എത്ര അക്ഷരങ്ങളുണ്ടോ അത്രയും ലക്ഷം മന്ത്രം ഉരുക്കഴിച്ച്, അതിന്റെ 10% (തദ്ദശാംശം) ഹോമംചെയ്ത്, അതിന്റെ 10% തർപ്പണംചെയ്ത്, അതിന്റെ 10% മാർജ്ജനംചെയ്ത്, അതിന്റെ 10% യോഗ്യതയുള്ള ബ്രാഹ്മണരെ കാലുകഴുകിച്ചൂട്ടി അവരുടെ അനുഗ്രഹവുംകൂടി നേടിക്കഴിയുമ്പോൾ മന്ത്രപുരശ്ചരണം പൂർണ്ണമാകുന്നു. ഇത് പഞ്ചാംഗപുരശ്ചരണമാണ്. ഇതേപോലെ ദശാംഗപുരശ്ചരണവും പറയുന്നുണ്ട്. അത് ഇപ്രകാരമാണ്. ജപം, ഹോമം, തർപ്പണം, അഭിഷേകം, അഘമർഷണം (മുങ്ങുക), സൂര്യാർഘ്യം, ജലപാനകം, പ്രണാമം, പൂജ, ബ്രാഹ്മണഭോജനം തുടങ്ങിയവ. ശാരദാതിലകത്തിലെ 16-ാം പടലത്തിന്റെ വ്യാഖ്യാനത്തിൽ ഇതിനെപ്പറ്റി പ്രതിപാദിച്ചുകാണുന്നു.

സാധാരണ പുരശ്ചരണത്തിനു അക്ഷരലക്ഷമാണ് മന്ത്രം ജപിക്കേണ്ടത് എങ്കിലും ചില മന്ത്രങ്ങൾക്ക് അക്ഷരലക്ഷം എന്ന സംഖ്യ വ്യത്യാസപ്പെട്ടിരിക്കുന്നു. അവ ഗുരുമുഖത്തുനിന്നോ ഗ്രന്ഥങ്ങളിൽനിന്നോ മനസ്സിലാക്കേണ്ടതാണ്. പുരശ്ചരണകാലത്ത് ചിട്ടയായ ജീവിതചര്യ അത്യാവശ്യമാണ്. ഏതായാലും ഒരു സദ്ഗുരുവിന്റെ സാമീപ്യത്തിൽ മാത്രമേ പുരശ്ചരണം അനുഷ്ഠിക്കാൻ പാടുള്ളൂ.

# ലളിതാസഹസ്രനാമം വ്യാഖ്യാനം - 4

എൽ. ഗിരീഷ്കുമാർ

കുരുവിന്ദമണിശ്രേണീകനത്കോടീരമണ്ഡിതാ = കുരുവിന്ദത്തിൽനിന്ന് ആവിർഭവിച്ച രത്നങ്ങളുടെ നിരകളാൽ ശോഭിയ്ക്കുന്ന കിരീടത്താൽ അലങ്കൃതയായവൾ.

**കുരുവിന്ദരത്നനിരകളാൽ പ്രകാശിയ്ക്കുന്ന കിരീടത്താൽ അലങ്കരിക്കപ്പെട്ടവൾ.**

ദേവിയുടെ ശിരസ്സിൽ മനോഹരമായ കിരീടമുണ്ടെന്ന് വർണ്ണിക്കുന്നു. ആ കിരീടം കുരുവിന്ദരത്നങ്ങളുടെ നിരകളാൽ പ്രകാശിയ്ക്കുന്നു എന്നു പറഞ്ഞിരിയ്ക്കുന്നു. അതായത് ഈ കിരീടം കുരുവിന്ദരത്നങ്ങളെക്കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഈ കിരീടത്തിന് ഇത്ര ശോഭ. രണ്ടു വിധത്തിലാണ് രത്നങ്ങൾ ഉണ്ടാകുകയെന്ന് പുരാണങ്ങൾ പറയുന്നു. ഒന്ന് സ്ഫടികത്തിൽനിന്നും മറ്റൊന്ന് കുരുവിന്ദമെന്ന പ്രകൃതിപ്രതിഭാസത്തിൽനിന്നും. ഇതിൽ കുരുവിന്ദമെന്ന വസ്തുവിൽനിന്നുണ്ടാകുന്ന രത്നങ്ങളാണ് സ്ഫടികത്തിൽനിന്നുണ്ടാകുന്ന രത്നങ്ങളേക്കാൾ ശ്രേഷ്ഠം. ഇപ്രകാരം ലോകത്ത് കിട്ടാനുള്ളതിൽവച്ച് ഏറ്റവും ശ്രേഷ്ഠമായ ഈ രത്നങ്ങളെക്കൊണ്ടാണ് ദേവിയുടെ കിരീടമുണ്ടാക്കിയിരിയ്ക്കുന്നത്. അവ കിരീടരൂപത്തിൽ നിരനിരയായി ഇരിയ്ക്കുന്നതുകാണാം. ആ രത്നകിരീടം അത്യധികം ശോഭിക്കുന്നുവെന്നും അങ്ങനെയുള്ള കിരീടത്താൽ അലങ്കൃതമാണ് ദേവിയുടെ ശിരസ്സെന്നും അർത്ഥം. ഇതിൽനിന്ന് മറ്റൊരു ആശയവും നമുക്ക് വ്യക്തമാകുന്നു. അതിതാണ്; കുരുവിന്ദരത്നത്തിന് ചുകന്ന നിറമായതിനാലും ദേവിയുടെ ശിരസ്സാണ് ആദ്യം ദൃശ്യമാകുന്നതെന്നതിനാലും ദേവിയിൽ ആദ്യം കാണുന്നനിറം ചുകപ്പാണ്. വ്യത്യസ്തനിറങ്ങളോടും ഗന്ധങ്ങളോടുംകൂടിയ പൂക്കളാൽ സമലങ്കൃതമായ ദേവിയുടെ ഇടതൂർന്ന കറുത്തമുടിയുള്ള ശിരസ്സിൽ ചുകപ്പിൻ പ്രഭപരത്തി വിരാജിയ്ക്കുന്ന അതിമനോഹരമായ കിരീടം നമുക്ക് കാണുമാറാകുന്നു.

5. അഷ്ടമീചന്ദ്രവിഭ്രാജദളികസ്ഥലശോഭിതാ
   മുഖചന്ദ്രകളങ്കാഭമൃഗനാഭിവിശേഷകാ.

അഷ്ടമീചന്ദ്രവിഭ്രാജദളികസ്ഥലശോഭിതാ = വെളുത്തപക്ഷ

ത്തിലെ അഷ്ടമീചന്ദ്രനെപ്പോലെ തിളങ്ങുന്ന നെറ്റിത്തടത്താൽ ശോഭിയ്ക്കുന്നവൾ.

ഈ നാമത്തിൽ ദേവിയുടെ നെറ്റിത്തടത്തെ വർണ്ണിയ്ക്കുന്നു. ഇരുട്ടുള്ളപ്പോൾ ഏറ്റവും പ്രകാശമുള്ളതായിട്ട് ലോകത്ത് യാതൊന്നുണ്ടോ അതാണ് ഏറ്റവും ഭംഗിയുള്ളത്. അങ്ങനെ നോക്കുമ്പോൾ, ലോകത്ത് ഇരുട്ടിലെ ചന്ദ്രനാണ് ഏറ്റവും മനോഹരമായിട്ടുള്ളത്. അതുകൊണ്ട് ഇവിടെ ഇരുട്ടുള്ളപ്പോഴുള്ള ചന്ദ്രനോട് ദേവിയുടെ നെറ്റിത്തടത്തെ തുലനം ചെയ്യുന്നു. ഏറ്റവും ഭംഗിയുള്ള ചന്ദ്രാകൃതി അർദ്ധചന്ദ്രാകൃതിയാണ്. ദേവിയുടെ നെറ്റിത്തടവും അർദ്ധചന്ദ്രാകൃതിയിലാണുള്ളത്. അതുകൊണ്ട് ദേവിയുടെ നെറ്റിത്തടം എട്ടാമത്തെ ദിവസത്തിലെ ചന്ദ്രനോട് തുലനം ചെയ്യുന്നു. ഒരു മാസത്തിൽ രണ്ട് അഷ്ടമി വരുന്നതുകൊണ്ട് ഏത് അഷ്ടമിയിലെ ചന്ദ്രനോടാണ് ദേവിയുടെ നെറ്റിത്തടത്തെ തുലനം ചെയ്തത് എന്ന് സംശയം തോന്നാം. ശുക്ലാഷ്ടമിയിലെ ചന്ദ്രനോടാണ് ഉപമിച്ചിരിയ്ക്കുന്നത്. അതിനുള്ള കാരണം പൗർണ്ണമിയിലേയ്ക്ക് അടുക്കുന്ന ചന്ദ്രനാണ് ശുക്ലാഷ്ടമിയിലെ (വെളുത്തപക്ഷത്തിലെ) എന്നതാണ്. പൂർണ്ണതയിലേയ്ക്ക് അടുത്തുകൊണ്ടിരിയ്ക്കുന്ന ചന്ദ്രനോടാണെന്നത് കൂടുതൽ ഉചിതപൂർണ്ണമായി മാറുന്നു. അപ്രകാരം വെളുത്തപക്ഷത്തിലെ എട്ടാമത്തെ ദിവസത്തിലെ ചന്ദ്രനോട് തുലനം ചെയ്യാവുന്ന നെറ്റിത്തടത്തോടുകൂടിയവളാകുന്നു ദേവി.

മുഖചന്ദ്രകളങ്കാഭമൃഗനാഭിവിശേഷകാ = മുഖമാകുന്ന ചന്ദ്രനിലെ കളങ്കത്തിന്റെ ശോഭയ്ക്ക് തുല്യമായ കസ്തൂരീതിലകത്താൽ ശോഭിയ്ക്കുന്നവൾ.

ഈ നാമത്തിൽ ദേവിയുടെ തിലകക്കുറിയെ വർണ്ണിയ്ക്കുന്നു. ദേവിയുടെ നെറ്റിത്തടത്തിൽ കസ്തൂരികൊണ്ടൊരു തിലകമുണ്ട്. ദേവിയുടെ നെറ്റിത്തടത്തെ ചന്ദ്രനോട് തുലനം ചെയ്യാമെങ്കിൽ ചന്ദ്രനിലെ കളങ്കത്തിന്റെ സ്ഥാനമാണ് ദേവിയുടെ കസ്തൂരിപ്പൊട്ടിനുള്ളത്. കുളിർമയും വെൺമയും അതിന്റെ പൂർണ്ണതയിൽ ചന്ദ്രൻ നമുക്കു പകർന്നു നല്കുമ്പോൾ മുയലിന്റെ രൂപത്തിൽ ചന്ദ്രനിൽ ദൃശ്യമാകുന്ന ഗുഹകൾ കളങ്കമായിട്ടാണ് തോന്നുകയെങ്കിലും ആ കളങ്കം ചന്ദ്രന് മാറ്റുകൂട്ടുന്നു. അതുപോലെ ഈ കസ്തൂരിപൊട്ട് ദേവിയ്ക്കും മാറ്റുകൂട്ടുന്നതായി ഈ നാമം പറയുന്നു.

6. വദനസ്മരമാംഗല്യഗൃഹതോരണചില്ലികാ
   വക്ത്രലക്ഷ്മീപരീവാഹചലന്മീനാഭലോചനാ

വദനസ്മരമാംഗല്യഗൃഹതോരണചില്ലികാ = മുഖമാകുന്ന കാമ

ദേവന്റെ വീടിനു മുമ്പിലെ തോരണമാകുന്ന പുരികകൊടികളോട് കൂടിയവൾ.

നെറ്റിത്തടത്തിൽനിന്ന് താഴോട്ടുപോന്നാൽ അടുത്തത് നമ്മൾ കാണുക, രണ്ട് പുരികക്കൊടികളാണ്. ഇവിടെ ദേവിയുടെ മുഖത്തെ കാമദേവന്റെ ഗൃഹമായി പറഞ്ഞിരിയ്ക്കുന്നു. അതായത് കാമദേവന്റെ ആവാസസ്ഥാനമാണ് ദേവിയുടെ മുഖമെന്നർത്ഥം. ആ ഗൃഹത്തിനുമുമ്പിലെ മംഗളാർത്ഥം കെട്ടിയുണ്ടാക്കിയിട്ടുള്ള മാലാദി വിതാനമാണ് ദേവിയുടെ പുരികക്കൊടികൾ. എല്ലാവരെയും സ്വാഗതം ചെയ്യുന്നതും ആകർഷിക്കുന്നതുമാണീ പുരികക്കൊടികൾ എന്നർത്ഥം.

വക്ത്രലക്ഷ്മീപരീവാഹചലന്മീനാഭലോചനാ = മുഖകാന്തിയാകുന്ന നദീപ്രവാഹത്തിൽ നീന്തിക്കളിക്കുന്ന മത്സ്യങ്ങളുടെ ശോഭയുള്ള കണ്ണുകൾ ഉള്ളവൾ.

വിശേഷാർത്ഥം :

1. മത്സ്യത്തിന്റെ ആകൃതിയോടും ശോഭയോടും കൂടിയ കണ്ണുകൾ ഉള്ളവൾ.
2. ചലിച്ചുകൊണ്ടിരിയ്ക്കുന്ന കണ്ണുകൾ ഉള്ളവൾ.
3. നോക്കി സൃഷ്ടമായ ഈ പ്രപഞ്ചത്തെ പൂർണ്ണതയിലേയ്ക്ക് കൊണ്ടുപോകുവാൻ ഉദ്യമിയ്ക്കുന്നവൾ.
4. ഭാവനയാൽ ഈ പ്രപഞ്ചത്തെ സൃഷ്ടിയ്ക്കുന്നവൾ.

**മുഖകാന്തിയാകുന്ന നദീപ്രവാഹത്തിൽ നീന്തിക്കളിയ്ക്കുന്ന മത്സ്യങ്ങളുടെ ശോഭയുള്ള കണ്ണുകൾ ഉള്ളവൾ.**

ദേവിയുടെ മുഖത്തിന്റെ കാന്തി അതിവിശിഷ്ടമാണ്. ആ മുഖത്തിൽനിന്ന് കാന്തി കവിഞ്ഞുവഴിഞ്ഞൊഴുകുകയാണ്. അതായത് ദേവിയുടെ മുഖത്തുനിന്ന് പുറപ്പെടുന്നതായ കാന്തി ഒരു പ്രവാഹരൂപം പൂണ്ടിരിയ്ക്കുകയാണ്. അങ്ങനെ നദീപ്രവാഹത്തിന്റെ രൂപമായി പരിണമിച്ചിരിയ്ക്കുന്ന ആ മുഖകാന്തിയിൽ നീന്തിക്കളിയ്ക്കുന്ന രണ്ടു മത്സ്യങ്ങളായിട്ടാണ് ദേവിയുടെ കണ്ണുകളെ പറഞ്ഞിരിയ്ക്കുന്നത്.

**മത്സ്യത്തിന്റെ ആകൃതിയോടും ശോഭയോടും കൂടിയ കണ്ണുകൾ ഉള്ളവൾ.**

സൗന്ദര്യത്തിന്റെ അത്യുദാത്തമായ ഭാവത്തെ പ്രകടിപ്പിയ്ക്കണമെങ്കിൽ കണ്ണുകൾ മത്സ്യാകൃതിയോടും ശോഭയോടുംകൂടിയിരിയ്ക്കും. മത്സ്യങ്ങളുടെ ശോഭ വഹിയ്ക്കുന്നുണ്ടെങ്കിൽ ആ കണ്ണുകൾക്ക് ആകൃതിയും മത്സ്യങ്ങളുടേതുപോലെയാണ്.

**ചലിച്ചുകൊണ്ടിരിയ്ക്കുന്ന കണ്ണുകൾ ഉള്ളവൾ.**

ദേവിയുടെയും ശിവന്റെയും കണ്ണുകളെ വിശകലനം ചെയ്യുകയാ

ണെങ്കിൽ രസകരങ്ങളായ അർത്ഥതലങ്ങൾ നമുക്കു കിട്ടും. ശിവന്റെ കണ്ണുകൾ അർദ്ധനിമീലിതാവസ്ഥയിലാണ്. ഒരു പ്രത്യേകസ്ഥലത്ത് കേന്ദ്രീകൃതമാണ്. ശാംഭവീമുദ്രയിൽ ലീനനാണ് അദ്ദേഹം. കുമാരസംഭവത്തിൽ അഞ്ചാം സർഗ്ഗത്തിൽ തപസ്വിയായ ശിവനെ വർണ്ണിക്കുന്ന ഭാഗം പരിശോധിച്ചാൽ ഇത് വ്യക്തമാകും. അവിടെ അർദ്ധനിമീലിതനായിട്ട് ദൃഷ്ടി നാസാഗ്രത്തിൽ ഉറപ്പിച്ച് ഇരിയ്ക്കുന്നു. ദൃഷ്ടി ചലനമില്ലാതെയിരിയ്ക്കുന്നവനാണ് ശിവൻ. ദൃഷ്ടി ചലനമില്ലാതെയിരുന്നാൽ കാണാൻ ഒന്നുമുണ്ടാവുകയില്ല. ആ നിശ്ചലാവസ്ഥയിൽ പ്രപഞ്ചം വിലീനമാണ്. എന്നാൽ ദേവിയുടെ കണ്ണുകൾ സദാ ചലിച്ചുകൊണ്ടിരിയ്ക്കുന്നു എന്നിവിടെ പറയുന്നു. ചലനപ്രകൃതിയാണ് ദേവി. കണ്ണുകൾ ചലിച്ചുകൊണ്ടിരിയ്ക്കുമ്പോൾ കാഴ്ചകൾ മാറിമാറി വന്നുകൊണ്ടിരിക്കും. അതുകൊണ്ട് ഈ പ്രപഞ്ചം ദേവിയുടെ കണ്ണുകളുടെ ചലനത്തിന്റെ ഫലമാണ്. ദേവിയുടെ മറ്റൊരു നാമത്തിൽ (ഉന്മേഷനിമിഷോത്പന്നവിപന്നഭുവനാവലിഃ) ദേവി കണ്ണുതുറക്കുമ്പോൾ ലോകം ഉണ്ടാകുന്നുവെന്നും കണ്ണുകൾ അടയ്ക്കുമ്പോൾ ലോകങ്ങളുടെ കൂട്ടം ഇല്ലാതാകുന്നുവെന്നും പറയുന്നു. ദേവിയുടെ കണ്ണുകൾ ചലിച്ചുകൊണ്ടിരിയ്ക്കുന്നു എന്നതുകൊണ്ട് സൃഷ്ടമായിരിയ്ക്കുന്ന ചലനക്ഷമതയുള്ള ഈ പ്രപഞ്ചത്തെയാണ് സൂചിപ്പിക്കുന്നത്.

**നോക്കി സൃഷ്ടമായ ഈ പ്രപഞ്ചത്തെ പൂർണ്ണതയിലേയ്ക്ക് കൊണ്ടുപോകുവാൻ ഉദ്യമിയ്ക്കുന്നവൾ.**

ഈ നാമത്തിൽ ദേവിയുടെ കണ്ണുകളും മത്സ്യവും ഒരുപോലെയാണെന്നാണ് പറഞ്ഞിട്ടുള്ളത്. മത്സ്യത്തിന് കൺപോളയില്ലാത്തതുകൊണ്ട് അതിന്റെ കണ്ണുകൾ എപ്പോഴും തുറന്നിരിയ്ക്കും. മത്സ്യങ്ങൾ അതിന്റെ മുട്ട വിരിയിയ്ക്കുന്നത് നോക്കിക്കൊണ്ടാണ്. മത്സ്യം അതിന്റെ മുട്ടകൾ നോക്കി വിരിയിയ്ക്കുന്നതുപോലെ ദേവി തന്നിൽനിന്ന് സൃഷ്ടമായ ഈ പ്രപഞ്ചത്തെ കാരുണ്യപൂർവ്വം നോക്കി സംരക്ഷിച്ചുകൊണ്ടിരിയ്ക്കുകയാണെന്ന ആശയം ഇതിൽനിന്നും കിട്ടും. ഇവിടെ അനുസ്മരിക്കേണ്ടതായ ഒരു ദീക്ഷയാണ് ദൃക്ദീക്ഷ. നോക്കിക്കൊണ്ട് ദീക്ഷകൊടുക്കുന്ന സമ്പ്രദായം. അതായത് തപസ്വിയായിട്ടുള്ള ആചാര്യന്റെ ഒരു നോട്ടംകൊണ്ട് ശക്തിപാതമുണ്ടാവുകയും ശിഷ്യൻ അനുഗൃഹീതനായിത്തീരുകയും ചെയ്യും. അതുപോലെ മന്ത്രോപദേശത്തിനു പുറമേ ഗുരുവിന്റെ മറ്റു കർത്തവ്യങ്ങൾ പറയുന്നിടത്ത് ഗുരു തന്റെ സാധനകൾ ചെയ്തുകഴിഞ്ഞാൽ ബാക്കി സമയം മുഴുവൻ ശിഷ്യനെ സാകൂതം നിരീക്ഷിച്ചുകൊണ്ടിരിക്കണമെന്നു പറയുന്നു. ശിഷ്യന്റെ പ്രവർത്തനങ്ങൾ മുഴുവൻ നിരീക്ഷണ വിധേയമായിരിക്ക

ണം. മത്സ്യം തന്റെ മുട്ടകൾ നോക്കി വിരിയിയ്ക്കുന്നതുപോലെ ഗുരു ശിഷ്യന്റെ പ്രവൃത്തികളെ മുഴുവൻ നിരീക്ഷിച്ച് ശിഷ്യനെ അല്പത്വ ത്തിൽനിന്ന് പൂർണ്ണതയിലേയ്ക്ക് എത്തിയ്ക്കുന്നു. ദേവിയുടെ കണ്ണുകൾ ഈ പ്രവർത്തനമാണ് ചെയ്യുന്നത്. കണ്ണുകൾ സദാ ചലിപ്പിച്ച് നമ്മ ളെ മാറിമാറി നോക്കിക്കൊണ്ടിരിയ്ക്കുകയാണ്. എപ്പോഴും ദേവിയുടെ നോട്ടത്തിന് നാം വിധേയരാണ്. നമ്മുടെ പ്രവൃത്തികളെ സദാ വീ ക്ഷിച്ചുകൊണ്ടിരിക്കുന്ന സ്നേഹസ്വരൂപിണിയായ ഒരു അമ്മ അദൃശ്യ യായി ഈ പ്രപഞ്ചത്തിൽ ഉണ്ടെന്ന ഒരനുഭവം ഈ നാമത്തിൽനി ന്ന് നമുക്ക് കൈവരുന്നു.

**ഭാവനയാൽ ഈ പ്രപഞ്ചത്തെ സൃഷ്ടിയ്ക്കുന്നവൾ.**

ഇവിടെ ദേവിയുടെ കണ്ണുകൾ സദാ ചലിച്ചുകൊണ്ടിരിയ്ക്കുന്നതാ യി പറയുന്നു. കണ്ണുകൾ സദാ ചലിച്ചുകൊണ്ടിരിയ്ക്കുന്നത് സ്വപ്നാവ സ്ഥയിലാണ്. കണ്ണ് അടച്ചുകഴിയുമ്പോൾ കൃഷ്ണമണി ചലിച്ചുകൊണ്ടി രിയ്ക്കുകയാണെങ്കിൽ സ്വപ്നം കാണുകയാണ്. സ്വപ്നത്തിൽ കാണുന്ന തെല്ലാം ഭാവനയാൽ സൃഷ്ടമായവയാണ് എന്നർത്ഥം. അതുകൊണ്ട് ചലിച്ചുകൊണ്ടിരിയ്ക്കുന്നതാണ് ദേവിയുടെ കണ്ണുകൾ എന്നതുകൊണ്ട് ഭാവനയാൽ ഈ പ്രപഞ്ചത്തെ ദേവി സൃഷ്ടിയ്ക്കുന്നുവെന്ന് മനസ്സിലാ ക്കാം.

തുടരും.

## സംസ്കൃതപഠനം - 12

ഡി. പ്രകാശ്

കഴിഞ്ഞ തവണ നാമപദങ്ങളും ക്രിയാപദങ്ങളും ചേർത്ത് വാ ക്യങ്ങൾ നിർമ്മിക്കുവാനുള്ള ഒരു ഗൃഹപാഠം തന്നിരുന്നു. അവ താ ഴെപ്പറയുന്ന പ്രകാരമാണോ നിങ്ങൾ എഴുതിയതെന്ന് പരിശോധി ച്ച് മനസ്സിലാക്കുക.

| വാക്യങ്ങൾ | അർത്ഥങ്ങൾ |
|---|---|
| छात्रः अध्यापकं मानयति। | വിദ്യാർത്ഥി അദ്ധ്യാപകനെ ബഹുമാനിക്കുന്നു. |
| अर्चकः ईश्वरं पूजयति। | പൂജാരി ഈശ്വരനെ പൂജിക്കുന്നു |
| सिंहः शशं भक्षयति। | സിംഹം മുയലിനെ ഭക്ഷിക്കുന്നു. |
| कविः सन्ध्यां वर्णयति। | കവി സന്ധ്യയെ വർണ്ണിയ്ക്കുന്നു. |

| | |
|---|---|
| उद्यानपालकः उद्यानं पालयति। | ഉദ്യാനപാലകൻ പൂന്തോട്ടം സംരക്ഷിക്കുന്നു. |

നമ്മൾ ഇപ്പോൾ മൂന്നു പദങ്ങൾ അടങ്ങിയ വാക്യങ്ങളാണ് പഠിച്ചുകൊണ്ടിരിയ്ക്കുന്നത്. ഇതിൽ കർത്താവ് പ്രഥമാ വിഭക്തിയിലും, കർമ്മം ദ്വിതീയാ വിഭക്തിയിലും, ക്രിയ കർത്താവിന്റെ വചനമനുസരിച്ചുമിരിയ്ക്കും. കർത്താവ് ഏതുപോലെ മൂന്നു വചനങ്ങളിലുണ്ടോ അതുപോലെ ക്രിയയും മൂന്നു വചനങ്ങളിലുണ്ട്. ഉദാഹരണം താഴെ പ്പറയുന്നപ്രകാരം.

| കർത്താവ് | കർമ്മം | ക്രിയ |
|---|---|---|
| छात्रः | अध्यापकं | मानयति। |
| छात्रौ | अध्यापकं | मानयतः। |
| छात्राः | अध्यापकं | मानयन्ति। |

മുകളിൽ കൊടുത്ത മൂന്നു വാക്യങ്ങളിലും കർത്താവിനും ക്രിയയ്ക്കും രൂപങ്ങളിൽ മാറ്റം വന്നത് ശ്രദ്ധിയ്ക്കുക. ക്രമത്തിൽ താഴോട്ട് ഏകവചനം, ദ്വിവചനം, ബഹുവചനം എന്ന് ധരിയ്ക്കണം. കഴിഞ്ഞ ലക്കത്തിൽ 13-ാം പേജിൽ കർത്താവിന്റെ രൂപഭേദങ്ങൾ കൊടുത്തിട്ടുള്ളത് നോക്കുക. എന്നാൽ കർമ്മപദത്തിന്റെ രൂപത്തിന് മാറ്റം വരണമെന്നില്ല. ഇതാണ് കർത്തരിപ്രയോഗം (Active voice). കർത്താവിലുള്ള പ്രയോഗമെന്ന് ഇതിനെ പറയാം. 1. കർത്താവ് പ്രഥമാ വിഭക്തിയിൽ (2) ക്രിയാ കർത്താവിന്റെ വചനത്തിലും പരസ്മൈപദിയോ (मानयति) ആത്മനേ പദിയോ (विद्यते) (3) കർമ്മം ദ്വിതീയാ വിഭക്തിയിൽ എന്നാണ് നിയമം.

ഇതുവരെ കർത്താവായി നാമപദങ്ങളെയാണ് വാക്യത്തിൽ കാണിച്ചിട്ടുള്ളത്. എന്നാൽ കർത്താവായി സർവ്വനാമങ്ങളും വരും. ഉദാഹരണം :

| | | |
|---|---|---|
| एकवचनं | सः लेखं लिखति। | അവൻ കത്ത് എഴുതുന്നു. |
| द्विवचनं | तौ लेखं लिखतः। | അവരിരുവരും കത്ത് എഴുതുന്നു |
| बहुवचनं | ते लेखं लिखन्ति। | അവർ കത്ത് എഴുതുന്നു. |
| एकवचनं | सा पुत्रं पालयति। | അവൾ പുത്രനെ സംരക്ഷിയ്ക്കുന്നു. |

| | | |
|---|---|---|
| द्विवचनं | ते पुत्रं पालयतः। | അവരിരുവരും പുത്രനെ സംരക്ഷിക്കുന്നു. |
| बहुवचनं | ताः पुत्रं पालयन्ति। | അവർ പുത്രനെ സംരക്ഷിക്കുന്നു. |
| एकवचनं | एषः दोशां भक्षयति। | ഇവൻ ദോശ തിന്നുന്നു. |
| द्विवचनं | एतौ दोशां भक्षयतः। | ഇവരിരുവരും ദോശ തിന്നുന്നു. |
| बहुवचनं | एते दोशां भक्षयन्ति। | ഇവർ ദോശ തിന്നുന്നു. |
| एकवचनं | एषा गीतं पठति। | ഇവൾ പാട്ട് പഠിക്കുന്നു. |
| द्विवचनं | एते गीतं पठतः। | ഇവരിരുവരും പാട്ട് പഠിക്കുന്നു. |
| बहुवचनं | एताः गीतं पठन्ति। | ഇവർ പാട്ട് പഠിക്കുന്നു. |

പ്രത്യേകം ശ്രദ്ധിക്കുക :

सः/तौ/ते : തദ് എന്ന ശബ്ദത്തിന്റെ പുല്ലിംഗരൂപങ്ങൾ
सा/ते/ताः : തദ് എന്ന ശബ്ദത്തിന്റെ സ്ത്രീലിംഗരൂപങ്ങൾ
एषः/एतौ/एते : ഏതദ് എന്ന ശബ്ദത്തിന്റെ പുല്ലിംഗരൂപങ്ങൾ
एषा/एते/एताः : ഏതദ് എന്ന ശബ്ദത്തിന്റെ സ്ത്രീലിംഗരൂപങ്ങൾ.

ഇപ്രകാരം നാമങ്ങളും സർവ്വനാമങ്ങളും ഏക-ദ്വി-ബഹു-വചനങ്ങളിലായി പഠതി, പഠതഃ, പഠന്തി എന്ന ക്രമത്തിൽ ചേരുന്നു. ഇവയെ പ്രഥമ പുരുഷനെന്ന് വിളിക്കുന്നു.

पठति, पठतः, पठन्ति എന്നിവ പ്രഥമപുരുഷനാകുമ്പോൾ മധ്യമപുരുഷനെന്ന് വിളിക്കുന്ന पठसि, पठथः, पठथ എന്ന രൂപങ്ങളും पठ् എന്ന ധാതുവിനുണ്ട്. ഇവയുടെ കർത്താവായി त्वं, युवां, यूयं എന്നിവ വരും. അത് ഇപ്രകാരം.

त्वं पठसि। നീ പഠിക്കുന്നു.
युवां पठथः। നിങ്ങളിരുവരും പഠിക്കുന്നു.
यूयं पठथ। നിങ്ങളെല്ലാം പഠിക്കുന്നു.

युष्मद् എന്ന ശബ്ദത്തിന്റെ പ്രഥമാവിഭക്തിയിലുള്ള ഏക-ദ്വി-ബഹു-വചനങ്ങളായി ക്രമത്തിൽ त्वं, युवां, यूयं എന്നിങ്ങനെ വാക്യത്തിൽ പ്രയോഗിച്ചിരിക്കുന്നു.

ഇപ്രകാരം ഒരു ധാതുവിന്റെ വർത്തമാന കാലത്തിലുള്ള പ്രയോഗം ശ്രദ്ധിച്ചാൽ ഒറ്റനോട്ടത്തിൽ ഇങ്ങനെ മനസ്സിലാക്കാം.

| | एकवचनम् | | द्विवचनं | | बहुवचम् | |
|---|---|---|---|---|---|---|
| प्रथमपुरुषः | रामः/रमा/मित्रं<br>सः/सा<br>एषः/एषा | लिखति | रामौ/रमे/मित्रे<br>तौ/ते<br>एतौ/एते | लिखतः | रामाः/रमाः/मित्राणि<br>ते/ताः<br>एते/एताः | लिखन्ति |
| मध्ममपुरुषः | त्वम् | लिखसि | युवाम् | लिखथः | यूयम् | लिखथ |
| उत्तमपुरुषः | अहम् | लिखामि | आवाम् | लिखावः | वयम् | लिखामः |

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഇവിടെ പ്രഥമപുരുഷൻ എന്ന കോളത്തിൽ रामः/रमा/मित्रं എന്നിങ്ങനെ മൂന്ന് ലിംഗങ്ങളിലുള്ള നാമപദങ്ങളും सः/सा/एषः/एषा എന്നീ സർവ്വനാമങ്ങളും കർത്താവായി വന്നത് പ്രത്യേകം ശ്രദ്ധിയ്ക്കുക.
2. മധ്യമ പുരുഷൻ എന്ന കോളത്തിൽ കർത്താവായി വന്നിട്ടുള്ളത് യുഷ്മദ് എന്ന ശബ്ദത്തിന്റെ പ്രഥമാവിഭക്തിയിലുള്ള ഏകവചനരൂപമാണ് त्वम्। നീ എന്നർത്ഥം.
3. ഉത്തമപുരുഷൻ എന്ന കോളത്തിൽ കർത്താവായി വന്നിട്ടുള്ളത് അസ്മദ് എന്ന ശബ്ദത്തിന്റെ പ്രഥമാവിഭക്തിയിലുള്ള ഏകവചനരൂപമാണ് अहम्। ഞാൻ എന്നർത്ഥം.

| | |
|---|---|
| रामः लिखति | രാമൻ എഴുതുന്നു. |
| रामौ लिखतः | രണ്ടു രാമന്മാർ എഴുതുന്നു. |
| रामाः लिखन्ति | രാമന്മാരെല്ലാം എഴുതുന്നു. |
| त्वं लिखसि | നീ എഴുതുന്നു. |
| युवां लिखथः | നിങ്ങളിരുവരും എഴുതുന്നു. |
| यूयं लिखथ | നിങ്ങളെല്ലാവരും എഴുതുന്നു. |
| अहं लिखामि | ഞാൻ എഴുതുന്നു. |
| आवां लिखावः | ഞങ്ങളിരുവരും എഴുതുന്നു. |
| वयं लिखामः | ഞങ്ങളെല്ലാം എഴുതുന്നു. |

ഇപ്രകാരം ഒരു വർത്തമാനക്രിയാപദത്തിന്റെ 9 വ്യത്യസ്ത രൂപങ്ങളെക്കൊണ്ട് 9 വാക്യങ്ങൾ ഉണ്ടാക്കാം.

പ്രയോഗ പരിശീലനം :

താഴെപ്പറയുന്ന ക്രിയാപദങ്ങളുടെ 9 വ്യത്യസ്ത രൂപങ്ങളെക്കൊണ്ട് വാക്യങ്ങളുണ്ടാക്കി പരിശീലിക്കുക. പ്രഥമപുരുഷന്റെ വാക്യങ്ങളിൽ ഏതു നാമപദങ്ങളും സർവ്വനാമ പദങ്ങളും ഉപയോഗിക്കാം.

1. क्रीडति 2. पठति 3. नृत्यति 4. चिन्तयति 5. चलति

# തന്ത്രശാസ്ത്രത്തിന് ഒരു ആമുഖം - 6

സി.എം. കൃഷ്ണനുണ്ണി

(കഴിഞ്ഞ ലക്കം തുടർച്ച)

തന്ത്രശാസ്ത്രം വളർന്നത് അടിയിൽനിന്ന് മുകളിലേയ്ക്കാണ്. സർവ്വസാധാരണന്മാരുടെ സരളശ്രമങ്ങളാണ് തന്ത്രവിദ്യയ്ക്ക് തുടക്കം കുറിച്ചത്. അധീശവിഭാഗങ്ങളുടെ അടിച്ചേൽപ്പിക്കലിന്റെ രീതിയിൽ പല സമ്പ്രദായങ്ങളും സമൂഹത്തിൽ പരന്നിട്ടുള്ളതിൽനിന്നും വ്യത്യസ്തമായാണ് തന്ത്രത്തിന്റെ വികാസപരിണാമങ്ങൾ. പല തന്ത്രഗ്രന്ഥങ്ങളും പ്രാകൃതഭാഷകളിലും പ്രാകൃതസംസ്കൃതത്തിലുമാണ് എന്നത് ഇതിനുള്ള തെളിവാണ്. വരേണ്യവിഭാഗങ്ങളേക്കാൾ മുക്കുവർ, കൊശവർ, നിഷാദന്മാർ, കാട്ടുളന്മാർ തുടങ്ങിയ പ്രാകൃത ജനവിഭാഗ

ങ്ങളാണ് തന്ത്രശാസ്ത്രത്തിന് വിലപ്പെട്ട സംഭാവനകൾ നല്കിയത്. മത്സ്യേന്ദ്രനാഥനെയും കുബ്ജികാ തന്ത്രത്തേയും വിന്ധ്യാവാസിനിയേയും ഓർക്കുക.

വ്യക്തിനിഷ്ഠമായ സാധനാപന്ഥാവും തന്ത്രത്തിന്റെ പ്രത്യേകതയാണ്. അതിനാലാവണം നഗരാതിർത്തികൾക്കപ്പുറത്ത് വനാന്തരങ്ങളിലും ജനവാസം കുറഞ്ഞ പ്രദേശങ്ങളിലും താന്ത്രികന്മാർ താമസം തുടങ്ങിയത്. സ്വന്തം കഴിവുകളെ ആശ്രയിച്ചുണർത്തിക്കൊണ്ട് സ്വയം ദേവതയുമായി ഐക്യം പ്രാപിച്ച് സ്വന്തം വിധി നിശ്ചയിക്കുമെന്ന താന്ത്രികന്റെ ഉറച്ചവിശ്വാസവും അതിന്നായുള്ള വിട്ടുവീഴ്ചയില്ലാത്ത ശ്രമങ്ങളും മൂലം സ്വാതന്ത്ര്യബോധം ശക്തിപ്പെട്ടതുകാരണം താന്ത്രികൻ 'അത്യാശ്രമി' എന്നും ധിക്കാരിയെന്നും വിശേഷിപ്പിക്കപ്പെടുന്നതിന്നും വിലയിരുത്തപ്പെടുന്നതിനും ഇടയായിട്ടുണ്ട്.

ആചാരങ്ങൾക്ക് വലിയ പ്രാധാന്യം നൽകുന്നവരായിരുന്നില്ല താന്ത്രികന്മാർ. സമാധാനപൂർണ്ണമായ സാമൂഹ്യജീവിതത്തിനും ചിട്ടയൊപ്പിച്ച വികാസത്തിനും ആവശ്യമായ ആശ്രമധർമ്മങ്ങൾക്ക് സർവ്വോപരിത്വം കല്പിക്കുവാനും അവർ തയ്യാറില്ലായിരുന്നു. ശരാശരിക്കപ്പുറം ചെല്ലാനും നേടാനും കൊതിക്കുന്നവർക്ക് അവ തടസ്സവും വിലങ്ങുമായിത്തീരുമെന്നതായിരിക്കാം ഇതിനു കാരണം. താന്ത്രികൻ 'അത്യാശ്രമി'യായത് ഈ പശ്ചാത്തലത്തിലായിരിക്കണം. വാനപ്രസ്ഥത്തിന്റെയും സന്ന്യാസത്തിന്റെയും മർമ്മം ചികഞ്ഞുനോക്കിയാലും സാമൂഹ്യകൂട്ടായ്മ ആത്മപുരോഗതിക്ക് തടസ്സമായി തോന്നിയ മോക്ഷേച്ഛയാണല്ലോ കണ്ടെത്തുവാൻ കഴിയുക. 'വ്രതം ന ചരേത്!, ന തിഷ്ഠേന്നിയമേന!, നിയമാന്നമോക്ഷ! എന്നീ കൗളോപനിഷത്തിലെ അനുശാസനകൾ സാമൂഹ്യജീവികളെ ഞെട്ടിച്ചാൽ അത്ഭുതമില്ല.

സാമൂഹ്യവ്യവസ്ഥിതിയിലും നാഗരികതയുടെ നാല് അതിർത്തികൾക്കകത്തും സമാശ്വാസം കണ്ടെത്തുവാനാവാത്തതും താന്ത്രികനെ ഏകാന്തപഥികനാക്കിയിരിക്കണം. പ്രകൃതിവിഭവങ്ങളും പരസ്പരസഹകരണവും ഉപയോഗപ്പെടുത്തി മനുഷ്യന് സുഖസൗകര്യങ്ങളോടെയും ക്ഷേമത്തോടെയും സമാധാനത്തോടെയും ജീവിക്കാം എന്ന ചിന്തയാണല്ലോ നാഗരികതകൾക്ക് ജന്മം നല്കിയത്. ഭൗതികതയാണ് അതിപ്രാചീന നാഗരികതകൾമുതൽ നവീന ഹൗസിങ് കോളനികൾവരെയുള്ളവയുടെ അടിസ്ഥാനം. പ്രകൃതി മനുഷ്യനുമാത്രം വേണ്ടിയാണെന്ന കാഴ്ച്ചപ്പാടിന്റെ അനുക്രമവികാസംകൂടിയാണ് നാഗരികതകളുടേത്. അതേപോലെ ഭീതിയും അരക്ഷിതത്വബോധവും പലതരം മാനസികക്ഷീണവും ദാരിദ്ര്യവും നാഗരികതകളുടെ

വളർച്ചയ്ക്ക് ഘടകങ്ങളായി പ്രവർത്തിച്ചിട്ടുണ്ട്. ക്ഷേമജീവിതത്തിനപ്പുറം ഒരു ലക്ഷ്യമോ സ്വപ്നമോ അവയ്ക്കില്ലാതെപോയതിന്റെ കാരണമതാണ്. പക്ഷേ, എന്നെങ്കിലും നാഗരികതകൾ ക്ഷേമജീവിതമെന്ന ലക്ഷ്യം നേടിയോ?

സമാധനവും ശാന്തിയും സ്വസ്ഥതയും നാഗരികജീവിതത്തിന്റെ മത്സരാവേഗങ്ങളിൽ നാമെട്ടുക്കുകപോലും ചെയ്യുന്നില്ല എന്ന വിരോധാഭാസത്തിന്റെ മുന്നിൽ മനുഷ്യൻ നിസ്തേജനായി നില്ക്കുമ്പോൾ താന്ത്രികൻ അകന്നുനിന്ന് വിശ്രാന്തി അനുഭവിക്കുകയാണ്. വ്യാസഭഗവാന് ശൂദ്രസ്ത്രീയിൽ ജനിച്ച വിദുരൻ കാട്ടുമരം ചാരിനില്ക്കുന്ന ദൃശ്യം ധർമ്മപുത്രർ കണ്ടതും അദ്ദേഹം വിദുരോപദേശം ശ്രവിക്കുന്നതുമായ രംഗങ്ങൾ ഇപ്പറഞ്ഞതിന്റെ മഹാഭാരത പ്രതീകങ്ങളാണ്.

പുരങ്ങളും നഗരങ്ങളും അധർമ്മത്തിന്റെ വിളനിലങ്ങളായതിന്റെ പേരിൽ അവ ദൈവം നശിപ്പിച്ച കഥകൾ പുരാണങ്ങളിലും ഐതിഹ്യങ്ങളിലും കാണാം. താരകാസുരന്റെ മക്കൾ മൂന്ന് പുരങ്ങൾ നിർമ്മിച്ച് പാർത്തതിനെത്തുടർന്നാണ് ത്രിപുരദഹനം നടന്നത്. 'പഴയ നിയമ'ത്തിൽ സൊഡോം, ഗൊമോറ എന്നീ പട്ടണങ്ങളെ ദൈവം നശിപ്പിച്ച കഥയുണ്ട്. ജൂതിസത്തിലെ ഹസ്സിദുകൾ ഈ കഥയ്ക്ക് ഒരു തിരുത്തൽ വരുത്തി. അത് ഇങ്ങനെ - നഗരങ്ങൾ നശിപ്പിക്കുവാൻ ആരംഭിച്ച ദൈവത്തോട് ആ നഗരങ്ങളിൽ 200 പുണ്യാത്മക്കളുണ്ടെങ്കിൽ അവരെക്കൂടി ദൈവം നശിപ്പിക്കുമോ എന്ന് ഹസ്സീദ് ചോദിച്ചു. 200 പുണ്യാത്മാക്കളെ നഗരങ്ങളിൽനിന്നും ഹാജരാക്കുവാൻ ദൈവം പറഞ്ഞു. അപ്പോൾ 200 പുണ്യാത്മക്കൾ അവിടെയുണ്ടോയെന്ന് തിട്ടമില്ലെന്നും 20 പേരെങ്കിലും കണ്ടേയ്ക്കുമെന്നും പറഞ്ഞു. എന്നാൽ 20 പേരെ ഹാജരാക്കു എന്നായി ദൈവം. ഒടുവിൽ എണ്ണത്തിലെന്തിരിക്കുന്നു എന്ന മുട്ടാവാദം  ഹസ്സിദ് ഉന്നയിച്ചു. ഒരു പുണ്യാത്മാവിനെയെങ്കിലും ഹാജരാക്കിയാൽ നഗരങ്ങൾ നശിപ്പിക്കുന്നതിൽനിന്ന് പിൻമാറാം എന്നായി ദൈവം. അപ്പോൾ ഹസ്സീദ് പറഞ്ഞുവത്രേ. 'ഇതാ ഈ എന്നെ ദൈവമേ നീ കാണുന്നില്ലേ, ഞാൻ ആറുമാസം ഒസാഡോമിലും അടുത്ത മാസം ഗൊമോറയിലും പാർക്കുന്നവനാണ്.' ഇതു കേട്ട ദൈവം രണ്ടു നഗരങ്ങളും നശിപ്പിക്കാതെ മടങ്ങി എന്നാണ് തിരുത്തി ഉണ്ടാക്കപ്പെട്ട കഥ.

ഈ കഥയിൽ കാര്യമുണ്ട്. ഒരു പുണ്യാത്മാവെങ്കിലും സാന്നിദ്ധ്യം ചെയ്യുന്ന പ്രദേശം ഈശ്വരൻ സംരക്ഷിക്കും എന്ന സന്ദേശമാണ് ഈ കഥയുടേത്. ഇനി നമുക്ക് തന്ത്രത്തിൽനിന്ന് ക്ഷേത്രസംസ്കാരം ഉരുത്തിരിഞ്ഞതിനെക്കുറിച്ച് ചിന്തിക്കാം.

തുടരും.

# ഭാഗവതത്തിലെ ക്രിയായോഗം

വയപ്പുറം വാസുദേവപ്രസാദ്

ഉത്കൃഷ്ടമായ മനുഷ്യജന്മത്തിന്റെ പരമോന്നത ലക്ഷ്യമായ ആദ്ധ്യാത്മിക സാക്ഷാത്കാരത്തിലേക്ക് മനുഷ്യനെ പ്രേരിപ്പിക്കാനും മാർഗ്ഗനിർദ്ദേശം ചെയ്യാനും ഉദ്ദേശിച്ച് വാചാമഗോചരമായ സ്വാനുഭൂതിയെ പണിപ്പെട്ട് വാഗ്വിഷയമാക്കാനുള്ള ഋഷീശ്വരന്മാരുടെ ശ്രമമാണ് വേദങ്ങൾ. ഈ വേദങ്ങളുടെ താത്പര്യം സാധാരണക്കാർക്ക് കൂടുതൽ വ്യക്തമാക്കാനുള്ള ആചാര്യശ്രമങ്ങളാണ് ഇതിഹാസപുരാണങ്ങൾ. അവ സാധാരണക്കാർക്കുവേണ്ടി അവരുടെ ഭാഷയിൽ വേദാർത്ഥത്തെ പറയുന്നു. ഇതിഹാസകാരൻ ചരിത്രത്തെ മുൻനിർത്തി ഉപദേശിക്കുമ്പോൾ, പുരാണകാരൻ തനിക്കു പറയാനുള്ളതിനായി ചരിത്രത്തെയും കഥകളെയും കൂടുതൽ ആശ്രയിക്കുന്നു. വേദവ്യാസ വിരചിതങ്ങളായ പുരാണങ്ങളിൽ പ്രധാനപ്പെട്ട ശ്രീമദ്ഭാഗവതത്തിലെ ക്രിയായോഗം ആണ് നമ്മുടെ ചിന്താവിഷയം.

യോഗം എന്ന പദത്തിന് ലക്ഷ്യതലത്തിലും മാർഗ്ഗതലത്തിലും അർത്ഥങ്ങളുണ്ട്. 'യുജ് മേളനേ' എന്ന ധാത്വനുസാരം മേളനം അതായത് ജീവബ്രഹ്മൈക്യം, ആത്മസാക്ഷാത്കാരം തന്നെ യോഗം. 'യുജിര്സമാധൗ' എന്ന ധാത്വനുസാരം "സമാധി' എന്ന അർത്ഥത്തിൽ മാർഗ്ഗതലത്തിലും പറയാം. ഇവിടെ ക്രിയായോഗം എന്നതിൽ യോഗം മാർഗ്ഗതലത്തിൽ പ്രയോഗിച്ചിരിക്കുന്നു. ചിത്തവൃത്തികളുടെ സമ്പൂർണ്ണമായും നിരുദ്ധമായ അവസ്ഥയാണ് സമാധി. ക്രിയയിലൂടെയും സാധനകളിലൂടെയും ഇവിടെ എത്തുമ്പോൾ ആയത് ക്രിയായോഗം. സാധാരണ ലൗകിക തലത്തിൽ നിൽക്കുന്നവരെ ഈശ്വരസാക്ഷാത്കാരത്തിനുള്ള പ്രാഥമിക യോഗ്യതയായ അന്തഃകരണശുദ്ധിയെ നല്കുകയാണ് ക്രിയായോഗം ചെയ്യുന്നത്. 'വിവേകചൂഡാമണി'യിൽ ശങ്കരാചാര്യസ്വാമികൾ വ്യക്തമായി ഇതു പറയുന്നു -

'ചിത്തസ്യ ശുദ്ധയേ കർമ്മ ന തു വസ്തൂപലബ്ധയേ
വസ്തുസിദ്ധിർവിചാരേണ ന കിഞ്ചിത് കർമ്മകോടിഭിഃ'
(വിവേകചൂഡാമണി)

ചിത്തശുദ്ധിക്കാണ് കർമ്മങ്ങൾ. ലക്ഷ്യമായ വസ്തുസിദ്ധി വിചാരംകൊണ്ട് ഉണ്ടാകേണ്ടതാണ്. തത്വോപാസനയ്ക്ക് അനുയോജ്യമായ അന്തഃകരണസൃഷ്ടിയെ കർമ്മങ്ങൾ ചെയ്യുന്നു. അപ്പോൾ ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും പൂജാസമ്പ്രദായങ്ങളുടെയും

ആത്യന്തിക ലക്ഷ്യം മനഃശുദ്ധി എന്നതാണ്. മനസ്സിനെ വിഷയങ്ങളിൽനിന്നും വേർപെടുത്തി ഈശ്വരനിൽ ഉറപ്പിക്കുകയാണിവ ചെയ്യുന്നത്. ഭാഗവതത്തിൽ പൂജാസമ്പ്രദായങ്ങളെ പലസ്ഥലങ്ങളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും വിശദമായി ഉപദേശിക്കുന്നത് ഏകാദശ സ്കന്ധത്തിലാണ്. ഉദ്ധവനായി ചെയ്യുന്ന ഉപദേശഭാഗങ്ങളിലാണ് നമുക്കിത് കാണാൻ കഴിയുക.

കർമ്മബന്ധവിമോചനകരമായ ക്രിയായോഗത്തെ തനിക്ക് പറഞ്ഞുതരാനാവശ്യപ്പെടുന്ന ഉദ്ധവനോടായി വിസ്താരമായ കർമ്മകാണ്ഡത്തെ സംക്ഷിപ്തമായി പറയാം എന്ന് പറഞ്ഞ് ഭഗവാൻ ഉപദേശമാരംഭിക്കുന്നു. പൂജാക്രമങ്ങളെ പ്രധാനമായും മൂന്നായി തിരിച്ചിരിക്കുന്നു - വൈദികം, താന്ത്രികം, മിശ്രം. ഇതിൽ ഏതിൽ ഉപാസകന് ശ്രദ്ധ ജനിക്കുന്നുവോ ആ മാർഗമനുസരിച്ച് പൂജിക്കണം. ഇവിടെ പൂർണ്ണമായും വേദങ്ങളെ ആശ്രയിച്ച് ചെയ്യുന്ന പൂജാസമ്പ്രദായം വൈദികം, തന്ത്രത്തെ ആശ്രയിച്ച് ചെയ്യുന്നത് താന്ത്രികം, വൈദികവും താന്ത്രികവും കലർന്നിട്ടുള്ള പൂജാക്രമം മിശ്രം എന്നു മനസ്സിലാക്കുക. പിന്നീട് ഉപാസകൻ ആർജിക്കേണ്ട യോഗ്യത പറയുകയാണ്.

'യദാ സ്വനിഗമേനോക്തം ദ്വിജത്വം പ്രാപ്യ പൂരുഷഃ
യഥാ യജേത മാം ഭക്ത്യാ ശ്രദ്ധയാ താൻ നിബോധ മേ.'
(ഭാ. 11-27-8)

'തന്റെ വേദത്താൽ പറയപ്പെട്ട ദ്വിജത്വത്തെ, ബ്രാഹ്മണൻ എന്ന അവസ്ഥയെ പ്രാപിച്ച് ഭക്തിയോടെ, ശ്രദ്ധയോടെ എന്നെ ആരാധിക്കേണ്ട വിധി കേട്ടാലും.'

ഇവിടെ ബ്രാഹ്മണ്യം സ്വധർമ്മാനുഷ്ഠാനത്തിലൂടെയും സാധനകളിലൂടെയും സഞ്ചരിച്ച് എത്തേണ്ടതായ ഒരു അവസ്ഥയാണെന്ന് മനസ്സിലാക്കാം. അതല്ലാതെ കേവലം ജന്മാടിസ്ഥാനത്തിൽ മാത്രം ബ്രാഹ്മണനെ മനസ്സിലാക്കിയാൽ പൂർവാപരവൈരുദ്ധ്യം എന്ന ദോഷം വരും. ഉദ്ധവൻ ക്രിയായോഗത്തെ ഉപദേശിച്ചുതരാനാവശ്യപ്പെടുമ്പോൾ അവിടെ വ്യക്തമായി പറയുന്നു-

'ഏതദ് വൈ സർവ വർണ്ണാനാം ആശ്രമാണാം ച സമ്മതം.
ശ്രേയസാമുത്തമം മന്യേ സ്ത്രീശൂദ്രാണാം ച മാനദ!'

'നാലു വർണ്ണങ്ങൾക്കും നാലു ആശ്രമങ്ങൾക്കും വിശേഷിച്ച് സ്ത്രീശൂദ്രന്മാർക്കും ശ്രേയസിൽവെച്ച് ഉത്തമം ഇതാണെന്നു ഞാൻ കരുതുന്നു.' അതുകൊണ്ട് ഉത്തമനായ ഒരു ആചാര്യനെ സമീപിച്ച് ആ ആചാര്യസഹായത്തോടെ ഉയർന്ന മാനസികതലത്തിലേക്കെ

ത്തി ശുദ്ധസാത്വികഭാവത്തിലേക്കുയർന്ന് എന്നെ പൂജിക്കു എന്നു താല്പര്യം. വർദ്ധിതമായ സത്വഗുണപ്രകാശമാണ് ബ്രാഹ്മണ്യത്തിനു നിദാനം. പിന്നീട് ആ സംസ്കാരത്തിലേക്ക് ഉയരാനുള്ള നിയമങ്ങളെ വർണ്ണിക്കുന്നു. ദേഹശുദ്ധി വിധിയാംവണ്ണം ശൗചാദികളാചരിച്ചും, മനഃശുദ്ധി സാധനകളിലൂടെയും നേടിയെടുത്ത് പൂജിക്കാൻ ആരംഭിക്കുന്നു.

ഇവിടെ പൂജയ്ക്കായി ഒരു ഉപാധി ആവശ്യമാണ്. സർവവ്യാപിയും നിർഗുണനുമായ ഈശ്വരനെ ആ തലത്തിൽ ഉപാസിക്കാൻ പ്രാഥമിക തലത്തിൽ ഏറെക്കുറെ അസാധ്യമാണ്. അതുകൊണ്ട് നിർഗുണനായ ഭഗവാനിൽ സാധകൻ ഗുണത്തെ ആരോപിക്കുന്നു.

'അബ്രഹ്മണി ബ്രഹ്മദൃഷ്ട്യാ അനുസന്ധാനം.' രാമാനുജാചാര്യർ പറയും. സർവ്വവ്യാപിയായ തത്വത്തെ ഉപാസിക്കാൻ ഒരു ഉപാധിയുടെ സഹായം തേടുന്നു. ഈ ഉപാധിയാണ് വിഗ്രഹം. 'ഉപാസകാനാം കാര്യാർത്ഥം ബ്രഹ്മണോ രൂപകല്പനാ' എന്നാണല്ലോ. ഇവിടെ വിഗ്രഹം വിശേഷേണ ആ തത്വത്തെ ഗ്രഹിപ്പിക്കുകയാണ്. ആ തരത്തിൽ ഈശ്വരനെ സൂചിപ്പിക്കാൻ എന്തൊക്കെ നമ്മൾ ഉപയോഗിക്കുന്നുവോ അതൊക്കെ വിഗ്രഹങ്ങളാണ്. അങ്ങനെ ചിന്തിക്കുമ്പോൾ വിഗ്രഹാരാധനയുടെ ലക്ഷണങ്ങളില്ലാത്ത ഈശ്വരാരാധന ഒരു മതത്തിലും നമുക്ക് കാണാനാകുന്നില്ല. ഈശ്വരൻ, ദൈവം, ഭഗവാൻ, ബ്രഹ്മം ഇത്യാദി ആ തത്വത്തെ ബോധിപ്പിക്കുന്ന നാമങ്ങൾ പോലും വിശേഷ തത്വബോധ വിഗ്രഹങ്ങളാണ്.

'ബ്രഹ്മശബ്ദോപി ലക്ഷ്യാർത്ഥഃ' - ശങ്കരാചാര്യസ്വാമികൾ പറയും. ഇവിടെ ഭഗവാൻ വിഗ്രങ്ങൾ പ്രധാനമായും എട്ടു തരത്തിലുണ്ടെന്നു പറയുന്നു.

'ശൈലീ ദാരുമയീ ലൗഹീ ലേപ്യാ ലേഖ്യാ ച സൈകതീ
മനോമയീ മണിമയീ പ്രതിമാഷ്ടവിധാ സ്മൃതാ.' (ഭാ. 11-27-12)

'കല്ല്, മരം, ലോഹങ്ങൾ ഇവകൊണ്ടുണ്ടാക്കിയ ബിംബങ്ങൾ, ചന്ദനം തുടങ്ങിയ ലേപനദ്രവ്യങ്ങൾ കൊണ്ട് നിലത്തോ ചുമരിലോ അപ്പപ്പോൾ ഉണ്ടാക്കുന്നത്, എഴുതിയിട്ടോ ചിത്രം വരച്ചോ ഉണ്ടാക്കുന്നത്, മണൽ കൊണ്ടുണ്ടാക്കിയ രൂപങ്ങൾ, രത്നങ്ങൾ ഇവയിലൊക്കെ ബാഹ്യപദാർത്ഥങ്ങളെക്കൊണ്ട് പൂജിക്കാം. എട്ടാമതായി ഹൃദയത്തിൽ ഭഗവദ്രൂപത്തെ ധ്യാനിച്ചുറപ്പിച്ച് മനസ്സുകൊണ്ടു പൂജിക്കാം. ഈ പ്രതിമകളെ സൗകര്യാനുസരണം സ്വീകരിക്കാം. ഇവിടെ പ്രധാനമായി എട്ടെണ്ണം പറഞ്ഞുവെന്നേയുള്ളൂ. നമ്മുടെ ഉള്ളിൽ ഈശ്വരസങ്കല്പത്തെ ഉണർത്താൻ സഹായിക്കുന്ന ഏതുപാധിയേയും

ആരാധിക്കാവുന്നതാണ്. എന്നാൽ വിഗ്രഹോപാസനയിൽ സംഭവിക്കുന്ന ഒരു വൈഷമ്യം ചിന്തിക്കേണ്ടതാണ്. പ്രപഞ്ചകാരണമായ പരബ്രഹ്മത്തെ പ്രതീകത്തിന്റെ തലത്തിലേക്ക് താഴ്ത്തി ഈ പ്രതീകം തന്നെയാണ് ഈശ്വരൻ എന്ന ഭാവനചെയ്യാൻ സാദ്ധ്യതയുണ്ട്. ഇത് സാധകനെ താഴ്ന്ന തലത്തിൽ തന്നെ നിലനിർത്തുകയേ ഉള്ളൂ. അതേപോലെത്തന്നെ ഉപാധിയിൽ ആരോപിതമായ ദേവതാസങ്കല്പത്തിൽതന്നെ നിലനില്ക്കുമ്പോഴും ഇതു സംഭവിക്കും. പ്രതീകത്തിലൂടെ ഈശ്വരനെ, 'ദേവതകളെ അല്ല' ആരാധിക്കാൻ കഴിയുമ്പോൾ അവിടെ ഉപാസന ഉയരത്തിലേക്കെത്തിക്കുന്നു. ആത്യന്തികമായി, ആത്മസാക്ഷാത്കാരത്തിലേക്കുള്ള യാത്രയിലെ പ്രഥമ ചുവടുവെപ്പാണ് വിഗ്രഹാരാധന. വിവേകാനന്ദസ്വാമികളുടെ വാക്കുകൾ ഇവിടെ സ്മരണീയം. 'നിങ്ങൾ ക്ഷേത്രത്തിൽ ജനിച്ചോളൂ, അവിടെത്തന്നെ മരിക്കരുത്.'

പിന്നീട് ഭഗവാൻ പൂജാസമ്പ്രദായങ്ങളെ വിശദീകരിക്കുന്നു. ക്രിയാപദ്ധതികൾക്ക് സാർവജനീനമായ ഒരു ഐകരൂപ്യം അസാദ്ധ്യമാണ്. ദേശകാലാനുസൃത മാറ്റങ്ങൾ ക്രിയാസമ്പ്രദായങ്ങളിൽ കാണാം. അക്കാലത്ത് നിലവിലുണ്ടായിരുന്ന ഒരു ക്രിയാപദ്ധതിയെ ഭഗവാൻ ഉദ്ധവന് നിർദ്ദേശിക്കുന്നു എന്ന് മനസ്സിലാക്കുക. അതിന്റെ സാങ്കേതിക സൂക്ഷ്മതലങ്ങളെ ചിന്തിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. അടിസ്ഥാനപരമായി ഏതു പൂജാസമ്പ്രദായങ്ങളിലും ഒരു വിശിഷ്ടവ്യക്തിയെ ക്ഷണിച്ചിരുത്തി സല്ക്കരിച്ച് സന്തോഷിപ്പിക്കുന്നതുപോലെ ഭഗവാനെ തന്റെ മുന്നിലുള്ള ഉപാധിയിലേക്ക് സങ്കല്പിച്ച് പൂജിച്ച് സല്ക്കരിക്കുന്ന സമ്പ്രദായമാണ് കാണാൻ കഴിയുക. സാധനകളിലൂടെ ഈശ്വരതലത്തിലേക്കുയർത്തിയ ചിത്തത്തിൽനിന്നും ചൈതന്യമായി പ്രകാശിക്കുന്ന ഭഗവാനെയാണ് മുന്നിലേക്കാവാഹിക്കേണ്ടത്. വിശിഷ്ടമന്ത്രങ്ങളെക്കൊണ്ട് പൂജിച്ച്, നിവേദ്യങ്ങൾ സമർപ്പിച്ച് ഗീതവാദ്യാദികളെക്കൊണ്ട് സന്തോഷിപ്പിക്കുക.

'സ്തവൈരുച്ചാവചൈർസ്തോത്രൈർ-
പൗരാണൈർപ്രാകൃതൈരപി
സ്തുത്വാ പ്രസീദ ഭഗവൻ
ഇതി വന്ദേത ദണ്ഡവത്' (ഭാ. 11-27-45)

'നാനാവിധങ്ങളായ പൗരാണികങ്ങളും പ്രാകൃതങ്ങളുമായ സ്തോത്രങ്ങളെക്കൊണ്ടും കീർത്തനങ്ങളെക്കൊണ്ടും സ്തുതിച്ച് ദണ്ഡനമസ്കാരം ചെയ്യണം' എന്നാണ് ഭഗവാൻ പറയുന്നത്. ഇവിടെ 'പ്രാകൃതൈഃ' എന്ന പ്രയോഗം ശ്രദ്ധേയം. ഇന്ന് പലർക്കുമുള്ള ധാരണ

സംസ്കൃത ശ്ലോകങ്ങളെക്കൊണ്ട്, അതിൽത്തന്നെ വളരെ കഠിനങ്ങളായ മന്ത്രങ്ങളെക്കൊണ്ടുപാസിച്ചാൽ ഭഗവാന് വേഗം സന്തോഷമാകും എന്നാണ്. എന്നാൽ ഏതു പ്രാർത്ഥനയും ഫലവത്താകുന്നത് അതിന്റെ പിന്നിലുള്ള സാധകന്റെ ഏകാഗ്രതയെക്കൊണ്ടും സങ്കല്പം കൊണ്ടുമാണ്. ചൊല്ലുന്ന ഭാഷയൊന്നും അതിനു മുന്നിൽ പ്രസക്തമല്ല. ഭഗവാൻ ഭാവഗ്രാഹിയാണ് എന്ന് ആചാര്യന്മാർ പറയും.

'മൂഢോ വദതി വിഷ്ണ്വായ വിദ്വാൻ വദതി വിഷ്ണവേ.
ഉഭയോരന്തരം നാസ്തി ഭാവഗ്രാഹീ ജനാർദ്ദനഃ'

മൂഢൻ 'വിഷ്ണ്വായ നമഃ' എന്നു തെറ്റിച്ചു പറയുമ്പോഴും വിദ്വാൻ 'വിഷ്ണവേ നമഃ' എന്നു ശരിയായി പറയുമ്പോഴും ഭഗവാന് അതിൽ ഭേദമില്ല. കാരണം ഭഗവാൻ സ്വീകരിക്കുന്നത് ചൊല്ലുന്ന മന്ത്രത്തെയോ ക്രിയയെയോ അല്ല. അതിനു പിന്നിലുള്ള ഭാവത്തെയാണ്, സങ്കല്പത്തെയാണ്. ആ ബോധം എപ്പോഴും നമുക്ക് ഉണ്ടാകേണ്ടതാണ്. ഇങ്ങനെ ഭഗവാനെ പൂജിച്ച് പ്രാർത്ഥിക്കേണ്ടത് എന്ത് എന്ന് ഭാഗവതം നമുക്ക് പറഞ്ഞുതരും.

'ശിരോ മത്പാദയോഃ കൃത്വാ ബാഹുഭ്യാം ച പരസ്പരം
പ്രപന്നം പാഹി മാമീശ ഭീതം മൃത്യുഗ്രഹാർണവാത്'.
(ഭാ. 11-27-46)

ഭഗവാന് മുന്നിൽ സമ്പൂർണ്ണമായി ശരണാഗതിയടഞ്ഞ് പ്രാർത്ഥിക്കേണ്ടത് ഇതാണ്-

'സംസാരസമുദ്രത്തിലകപ്പെട്ട ഞാൻ അങ്ങയെ ശരണം പ്രാപിച്ചിരിക്കുന്നു. ജനനമരണഭീതി തീർത്ത് രക്ഷിക്കേണമേ' പ്രാർത്ഥന എന്താണെന്നും എന്തിനാണെന്നും ഇവിടെ നമ്മളറിയുന്നു. ഇന്ന് നമ്മൾ പ്രാർത്ഥിക്കുന്നതും ആരാധിക്കുന്നതും നമ്മുടെ പൗരുഷത്താൽ അസാദ്ധ്യമാണെന്നു കരുതുന്ന ലൗകിക സുഖാനുഭവങ്ങൾക്കു വേണ്ടിയാണെങ്കിൽ ഋഷി പ്രാർത്ഥന എന്നതിലൂടെ ഉദ്ദേശിച്ചത് അതല്ല. പരമപുരുഷാർത്ഥമായ ആത്മസാക്ഷാത്കാരത്തിനുള്ള ഇച്ഛാശക്തിയെ പകർന്നുനല്കാനുള്ള, നമ്മളിൽ മുമുക്ഷുത്വത്തെ വർദ്ധിപ്പിക്കാനുള്ള ഉപാധിയായിട്ടാണ്. ഇവിടെനിന്നും ഉയർന്നുകേട്ട പ്രാർത്ഥനകൾ ആ അർത്ഥത്തിലാണ്.

'അസതോ മാ സദ്ഗമയ
തമസോ മാ ജ്യോതിർഗമയ
മൃത്യോർമാ അമൃതം ഗമയ' -

ഈ വരികളിൽ തുച്ഛസുഖങ്ങൾക്കായി യാചിക്കുന്ന ഒരു യാചകനെ

അല്ല നമുക്ക് കാണാൻ കഴിയുക. തനിക്ക് കിട്ടിയ ഉദാത്തമായ ഈ ജന്മത്തിന്റെ പരമലക്ഷ്യത്തിലേക്കുയരാൻ കൊതിക്കുന്ന ഒരു മനസ്സിന്റെ ഇച്ഛാശക്തിയെ ആണ്. ഇതാണ് പ്രാർത്ഥന. ഇതായിരിക്കണം പ്രാർത്ഥന. ഭാഗവതവും നമുക്ക് ഇതുതന്നെയാണ് പറഞ്ഞുതരുന്നത്. ഇങ്ങനെ ഒരു സാധകനെ പടിപടിയായി പരമലക്ഷ്യമായ ഈശ്വരസാക്ഷാത്കാരത്തിലേക്ക് ഉയർത്തുന്ന ക്രിയായോഗത്തെ പറഞ്ഞുകൊടുത്തതിനു ശേഷം ഇതിലൂടെ എത്തിച്ചേരേണ്ട അവസ്ഥയെ ഭഗവാൻ ഒന്നുകൂടി ഉറപ്പിക്കുകയാണ്. 'സർവ്വഭൂതേഷ്വാത്മനി ച സർവ്വാത്മാഹമവസ്ഥിതഃ' സർവ്വാത്മാവായ ഞാൻതന്നെയാണ് സർവ്വഭൂതങ്ങളിലും തന്നിലും സ്ഥിതിചെയ്യുന്നത് എന്ന തലത്തിലേക്ക് സാധകൻ ഉയരണം. ക്രിയായോഗത്തിന്റെ ലക്ഷ്യം ഇതാണ്. ക്രിയായോഗത്തിന്റെ എന്നല്ല, ഇവിടെ ആവിഷ്കരിക്കപ്പെട്ട എല്ലാ ഉപാസനകളുടെയും ആത്യന്തികലക്ഷ്യം എല്ലാ ഉച്ചാവചത്വങ്ങളും അസ്തമിച്ച് എന്തിലും ഏതിലും എവിടെയും എപ്പോഴും സത്യമായി പ്രകാശിക്കുന്നത് ഭഗവാനാണെന്ന തിരിച്ചറിവിനെ സാക്ഷാത്കരിക്കുക എന്നതാണ്. ഉദ്ധവോപദേശത്തിന്റെ അവസാനഘട്ടത്തിൽ ഭഗവാനിത് സ്പഷ്ടമായി പറയും -

'യാവദ് സർവ്വേഷു ഭൂതേഷു മദ്ഭാവോ നോപജായതേ
താവദേവമുപാസീത വാങ്മനഃകായ ബുദ്ധിഭിഃ' (ഭാ. 11-29-27)

എല്ലാ ഭൂതങ്ങളിലും വസിക്കുന്നത് 'ഞാൻ' തന്നെ എന്ന ബോധം ഉറയ്ക്കാതിരിക്കുന്നതുവരെ വാക്കുകൊണ്ടും മനസ്സുകൊണ്ടും ശരീരംകൊണ്ടും ഉപാസിക്കണം.

ഈയൊരു പരമമായ ലക്ഷ്യത്തെ സാക്ഷാത്കരിക്കാനാവട്ടെ നമ്മുടെ ഉപാസനകൾ. അതിന് ഭഗവാൻ നമുക്ക് കരുത്തും ഇച്ഛാശക്തിയും നല്കട്ടെ. ■

ആനുകാലികം

## ആത്മബോധം : ഒരു ദിവ്യൗഷധം

സി.എം. കൃഷ്ണനുണ്ണി

സമ്പത്തും തൊഴിലുപകരണങ്ങളും സ്വകാര്യ ഉടമസ്ഥതയിലാവുന്നതാണ് എല്ലാ സാമൂഹ്യദൂഷ്യങ്ങളുടേയും മൂലകാരണമെന്ന ആധാരണ സോഷ്യലിസ്റ്റ് ലോകത്തിന്റെ ഉത്ഭവകാലത്ത് പ്രചരിപ്പിക്കപ്പെട്ടിരുന്നു. പൊതു ഉടമസ്ഥത, സ്ഥിതിസമത്വവും അഴിമതിരഹി

തമായ സാമൂഹ്യവ്യവസ്ഥയും സൃഷ്ടിയ്ക്കുമെന്നാണ് അക്കാലത്ത് കരുതപ്പെട്ടിരുന്നത്. തൊണ്ണൂറുകളുടെ തുടക്കത്തിൽ ഗോർബച്ചേവിന്റെ ഗ്ലാസ്നോസ്റ്റിനെയും പെരിസ്ട്രോയിക്കയെയും തുടർന്ന് സോവിയറ്റ് യൂണിയൻ തകർന്നുവീണപ്പോൾ തെളിഞ്ഞത് പൊതു ഉടമസ്ഥതയിലും സോഷ്യലിസ്റ്റ് വ്യവസ്ഥയിലും അഴിമതി അവിശ്വസനീയമായ തോതിൽ സോവിയറ്റ് സമൂഹത്തിൽ വ്യാപിച്ചിരുന്നു എന്നതാണ്. തന്മൂലമുള്ള ജനകീയ അസംതൃപ്തിയാണ് സോവിയറ്റ് യൂണിയന്റെ പതനത്തോടെ വെളിവായത്.

ഇപ്പോഴിതാ ചൈനയിലും അഴിമതി വളരുന്നതിന്റെ വാർത്തകൾ പുറത്തുവന്നിരിയ്ക്കുന്നു. മാവോവിനുശേഷം അവിടെ അധികാരത്തിൽ വന്ന ഡെങ് സിയാവോ പിങിലൂടെ 'മാർക്കറ്റ് സോഷ്യലിസ'ത്തിലും ചുവന്ന മുതലാളിത്തത്തിലും എത്തിനില്ക്കുന്ന ചൈനയിൽ തോക്കിൻകുഴലിലൂടെ ഇപ്പോൾ വമിയ്ക്കുന്നത് അഴിമതിയാണ്.

'ജനകീയ പ്രധാനമന്ത്രി' എന്ന് അറിയപ്പെട്ട വെൻ ജിയാബോയുടെ കുടുംബം 2.7 ബില്യൺ ഡോളർ മൂല്യമുള്ള സ്വത്തിന്റെ ഉടമകളാണെന്ന് 'ന്യൂയോർക്ക് ടൈംസ്' വെളിപ്പെടുത്തുകയുണ്ടായി. വെൻ കുടുംബം ചൈനീസ് കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തിന്റെ കീഴിൽ ഒരു വലിയ സാമ്പത്തിക സാമ്രാജ്യംതന്നെയാണ് സ്വന്തമായി കെട്ടി ഉയർത്തിയിരിയ്ക്കുന്നത്. ഒരു വൻമതിലിനും തടഞ്ഞുനിർത്തുവാനാവാത്തവിധം അഴിമതിയുടെ സ്ഫോടകാത്മകങ്ങളായ വിവരങ്ങളാണ് ചൈനയിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. പാവപ്പെട്ട ജനങ്ങളെ ചുരുങ്ങിയ കൂലിയ്ക്ക് അദ്ധ്വാനിപ്പിച്ചുകൊണ്ട് കുറഞ്ഞവിലയ്ക്ക് ചൈനീസ് ഉല്പന്നങ്ങൾ ലോകവിപണിയിൽ വിറ്റ് ലഭിയ്ക്കുന്ന ദേശീയ സമ്പാദ്യമാണ് അധികാരമുപയോഗിച്ച് ചൈനീസ് രാഷ്ട്രീയ നേതൃത്വം സ്വന്തമാക്കുന്നത് എന്ന് വ്യക്തം.

അഴിമതിയോ അലസതയോ സ്വജനപക്ഷപാതമോ മറ്റേതെങ്കിലും സാമൂഹ്യതിന്മകളോ ഭൗതികവ്യവസ്ഥകൾ പരിഷ്കരിച്ചതുകൊണ്ടുമാത്രം മനുഷ്യമനസ്സുകളിൽനിന്ന് ഉന്മൂലനം ചെയ്യുവാനാവുകയില്ലെന്ന് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നു.

ഇനി മറ്റൊരു തനി ലോക്കൽ സംഭവം സൂചിപ്പിക്കട്ടെ. കഴിഞ്ഞ ദിവസം ഈ ലേഖകൻ കോഴിക്കോട്ടെ ഒരു ഖാദിസ്റ്റോറിൽ മുണ്ട് വാങ്ങുവാൻ പോയി. എനിക്ക് ഒരു മുണ്ട് കിട്ടുവാൻ കുറേനേരം കാത്തുനില്ക്കേണ്ടിവന്നു. അവിടെയെങ്ങും ഒരൊറ്റ സെയിൽസ് മാനേയും കണ്ടില്ല. കേഷ് കൗണ്ടറിലും മറ്റും ഇരിക്കുന്നവരോട് അന്വേഷിച്ചപ്പോൾ 'ഇപ്പോൾ വരും', 'ഉണ്ണുന്ന സമയമല്ലേ' എന്നും മറ്റുമായിരുന്നു പ്രതികരണങ്ങൾ. ഇത്രയേറെ ഊൺ സമയമോ? കാര്യങ്ങൾ

എത്രത്തോളമാവുമെന്ന് കാണുവാൻ കാത്തുനിന്നതുകൊണ്ടുമാത്രം ആ സ്റ്റോറിൽനിന്ന് എനിയ്ക്കൊരു മുണ്ടു കിട്ടി. ആരേയും പേടിയ്ക്കാനില്ലാത്ത ജീവനക്കാരുടെ അവസ്ഥയാണ് ഞാനവിടെ കണ്ടത്. മുതലാളി സമീപത്തുണ്ടെങ്കിൽ സെയിൽസ്മാൻമാർ മുങ്ങുകയില്ല എന്നതിന് സ്വകാര്യ വസ്ത്രവ്യാപാരസ്ഥാപനങ്ങൾ ഉദാഹരണങ്ങളാണല്ലോ. കാലത്ത് 8 മണിമുതൽ രാത്രി 8 മണിവരെ ഒരേനില്പിൽനിന്ന് ജോലിചെയ്യുകയും മിനുട്ടുകൾക്കകം ഭക്ഷണം കഴിച്ച് ജോലിയിൽ വ്യാപൃതരാവുകയും ചെയ്യുന്ന പാവം അടിമപ്പണിക്കാരെ കാണാൻ സ്വകാര്യ വിപണനാലയങ്ങളിൽ പോകണം.

ചൈനയിലേത് സാമൂഹ്യദൂഷ്യത്തിന്റെ ഒരു മുഖമാണെങ്കിൽ ഖാദിസ്റ്റോറിലേത് മറ്റേ മുഖമാണ്. അധികാരമദത്തിലൂന്നിയ അനാത്മകാഹങ്കാരത്തിന്റെ ദുഷ്പരിണതിയാണ് ചൈനയിൽ കാണുന്നതെങ്കിൽ (ഇപ്പോൾ ഭരണരംഗത്തും) ഉടമസ്ഥന്റെ ശ്രദ്ധയുടെ പരിധിയ്ക്കുപുറത്താണ് താൻ എന്ന ബോധവും തനിയ്ക്ക് സംഘടനാബലമുണ്ടെന്ന മുഷ്കുമാണ് ഖാദിസ്റ്റോറിൽ കണ്ടത്. ഏകാത്മദർശനത്തിന്റെ അഭാവവും, എല്ലാം അറിയുകയും നിശ്ചയിയ്ക്കുകയും ചെയ്യുന്ന സർവ്വസാക്ഷി തന്റെ ഉള്ളിൽത്തന്നെ കുടികൊള്ളുന്നുവെന്ന തിരിച്ചറിവില്ലായ്മയും, ചേർത്തുവെച്ചാൽ ഈ ലോകത്തിലെ എല്ലാ സാമൂഹ്യതിന്മകളുടെയും കാരണമായി.

അറിവും വിഭവങ്ങളും എല്ലാം സ്വയമേവ വ്യാപനസ്വഭാവമുള്ളവയാണ്. അവയെ അധികാരം തുടങ്ങിയ ഭൗതികബലങ്ങൾ ഉപയോഗിച്ച് ചിറകെട്ടിത്തിരിച്ച് സ്വന്തമാക്കിവെയ്ക്കുവാനുള്ള ഏതു ശ്രമവും ദുഷ്പരിണതിയ്ക്കു കാരണമാവുമെന്ന് സൂചിപ്പിയ്ക്കുന്ന അനവധി പുരാണ-ഇതിഹാസ കഥകൾ നമുക്കുണ്ട്. അഴിമതിയിലൂടെ അനധികൃതമായി പടുത്തുയർത്തുന്ന ഏതു കോട്ടകൊത്തളങ്ങളും സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിയ്ക്കുവാൻ ഉപകരിയ്ക്കാതെ തകർന്നടിയുമെന്നും ആ കഥകൾ വിശദമായിത്തന്നെ പറഞ്ഞുതരുന്നു. സാമ്രാജ്യത്വ-അധികാര മുഷ്കുകൾക്കുള്ള മരുന്ന് ഈ തിരിച്ചറിവാണ്. അലസതയ്ക്കും, കൃത്യവിലോപത്തിനും ഉത്തരവാദിത്വശൂന്യതയ്ക്കും ഉള്ള ഔഷധമോ? എന്നിൽ ഞാനായി വിളങ്ങുന്നത് പരമാത്മചൈതന്യമാണെന്നും അതുകൊണ്ടുതന്നെ ആ പരമബോധം അറിയാതെ എനിയ്ക്ക് അരഞൊടിപോലും ചിന്തിയ്ക്കുവാനോ പ്രവർത്തിയ്ക്കുവാനോ ആവില്ലായെന്നുമുള്ള തിരിച്ചറിവാണ് ആ ദിവ്യൗഷധം. ആത്മബോധം ജനഹൃദയങ്ങളിൽ അങ്കുരിപ്പിയ്ക്കുകയെന്നതുമാത്രമാണ് അഴിമതിരഹിത-കർത്തവ്യോന്മുഖ സാമൂഹ്യജീവിതം ഒരളവോളമെങ്കിലും സാദ്ധ്യമാക്കുവാനുള്ള ഏകമാർഗ്ഗം. ■

# മാതൃസങ്കല്പവും മഹത്ത്വവും – 2

പറവൂർ ജ്യോതിസ്സ്

രാവണവധാനന്തരം രാമൻ ലക്ഷ്മണനോട്, അമ്മയുടെയും ജന്മനാടിന്റെയും മഹത്ത്വം ഇപ്രകാരം പറയുന്നു.

ലങ്ക സ്വർണ്ണമയിയാണെങ്കിലും ഞാൻ ഇഷ്ടപ്പെടുന്നില്ല ലക്ഷ്മണാ. അമ്മയും ജന്മനാടും സ്വർഗ്ഗത്തേക്കാൾ വലുതാകുന്നു.

'അപി സ്വർണ്ണമയീ ലങ്കാ ന മേ ലക്ഷ്മണ രോചതെ,
ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരിയസീ.'

അമ്മയ്ക്കു തുല്യമായി മറ്റൊരു ഗുരുവില്ല എന്ന് നാരദപുരാണം ഉദ്ഘോഷിക്കുന്നു.

നാസ്തി ഗംഗാസമം തീർത്ഥം
നാസ്തി മാതൃസമോ ഗുരുഃ
നാസ്തി വിഷ്ണുസമം ദൈവം
നാസ്തി തത്ത്വം ഗുരോഃ പരം.

–നാരദപുരാണം

അമ്മയ്ക്ക് ഗുരുസ്ഥാനം കല്പിച്ചുകൊണ്ടുള്ള ഭീഷ്മോപദേശം ഇപ്രകാരമാണ്.

വേദത്തിൽ കവിഞ്ഞൊരു ശാസ്ത്രമില്ല. അമ്മയെക്കാൾ വലിയൊരു ഗുരുവില്ല. ധർമ്മത്തെ കവച്ചുവയ്ക്കുന്ന നേട്ടമില്ല. ഉപവാസത്തിൽ കവിഞ്ഞൊരു തപസ്സുമില്ല.

'നാസ്തി വേദാത് പരം ശാസ്ത്രം
നാസ്തി മാതൃസമോ ഗുരുഃ
ന ധർമ്മാത് പരമോ ലാഭഃ
തപോ നാനശനാത് പരം.'

–മഹാഭാരതം 13/106/65

ദേവേന്ദ്രനോട് ബൃഹസ്പതിയുടെ ഉപദേശവും ഇതുതന്നെ.

ഭൂമിദാനത്തിനു തുല്യമായ ദാനമോ മാതാവിനു തുല്യം ഗുരുജനമോ സത്യത്തിനു സമമായ ധർമ്മമോ ദാനത്തിനു സമമായ സമ്പത്തോ ഇല്ല.

നാസ്തി ഭൂമിസമം ദാനം
നാസ്തി മാതൃസമോ ഗുരുഃ
നാസ്തി സത്യസമോ ധർമ്മഃ

നാസ്തി ദാനസമോ നിധിഃ

-മഹാഭാരതം 13/62/92

പാഞ്ചാലിയെ അഞ്ചുപേരുടെയും ഭാര്യയാക്കാനുള്ള മാതൃനിർദ്ദേശത്തെപ്പറ്റി ധർമ്മപുത്രർ വ്യാസനോട് പരമഗുരു മാതാവാണെന്നു പറയുന്നുണ്ട്.

ധർമ്മാത്മാവേ! ഗുരുജനങ്ങളുടെ വാക്കുകൾ അനുസരിക്കപ്പെടേണ്ടവയാണല്ലോ. ഗുരുക്കന്മാരിൽവെച്ച് ഏറ്റവും വലുത് മാതാവാകുന്നു.

ഗുരോർഹി വചനം പ്രാഹുർ-
ധർമ്മ്യം, ധർമ്മജ്ഞസത്തമ.
ഗുരൂണാം ചൈവ സർവ്വേഷാം
മാതാ പരമകോ ഗുരുഃ

-മഹാഭാരതം 1/195/16

ദുർലഭങ്ങളായ പഞ്ച 'ജ' കാരങ്ങളിൽ പ്രഥമസ്ഥാനവും അമ്മയ്ക്കു തന്നെ.

ജനനീ ജന്മഭൂമിശ്ച ജാഹ്നവീ ച ജനാർദ്ദനഃ
ജനകഃ പഞ്ചമശ്ചൈവ 'ജ' കാരാഃ പഞ്ച ദുർലഭാഃ

മഹാഭാരതം വനപർവ്വതത്തിൽ യക്ഷപ്രശ്നത്തിൽ യക്ഷൻ ധർമ്മപുത്രരോട് അനവധി ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്. അതിൽ ഒരു ചോദ്യം അമ്മയുമായി ബന്ധപ്പെട്ടതാണ്. 'ഭൂമിയേക്കാൾ ഗുരുതരയായത് എന്ത്? എന്ന യക്ഷന്റെ ചോദ്യത്തിന് ധർമ്മപുത്രരുടെ മറുപടി ഇപ്രകാരമായിരുന്നു. 'ഭൂമിയേക്കാൾ ഗുരുതരയായത് അമ്മയാകുന്നു.'

'കിംസ്വിദ് ഗുരുതരം ഭൂമേ?
മാതാ ഗുരുതരാ ഭൂമേ'

- 313 അദ്ധ്യായം 59 ശ്ലോകം.

സ്കന്ദപുരാണത്തിൽ ഒരു പ്രാവശ്യം മാതാവിനെ വന്ദിച്ചാൽ കിട്ടുന്ന ഫലത്തെപ്പറ്റി പറയുന്നുണ്ട്. ആറു പ്രാവശ്യം ഭൂമിക്ക് പ്രദക്ഷിണം വച്ചാലുള്ള ഫലവും ആയിരം പ്രാവശ്യം കാശീയാത്ര ചെയ്താലുള്ള ഫലവും നൂറ് പ്രാവശ്യം സേതുസ്നാനം ചെയ്യുമ്പോഴുണ്ടാകുന്ന ഫലവും ഒരു പ്രാവശ്യം മാതാവിനെ വന്ദിക്കുമ്പോൾ കിട്ടുന്നു.

'ഭൂപ്രദക്ഷിണഷട്കേന
കാശീയാത്രാ/യുതേന ച
സേതുസ്നാനശതൈർയശ്ച

തത്ഫലം മാതൃവന്ദനെ'

- സ്കന്ദപുരാണം

സന്യാസിയായ പുത്രനെ പിതാവ് നമസ്കരിക്കണം എന്നും സന്യാസിയാണെങ്കിൽകൂടി പുത്രൻ മാതാവിനെ നമസ്കരിക്കണം എന്നും സ്കന്ദപുരാണം ഉദ്ഘോഷിക്കുന്നു.

'സന്യസ്താഖിലകർമ്മാऽപി
പിതുർ വന്ദ്യോ ഹി മസ്കരീ
സർവ്വവന്ദ്യേന യതിനാ
പ്രസൂർ വന്ദ്യാ പ്രയത്നതഃ'

(മസ്കരീ എന്നാൽ സന്യാസി എന്നർത്ഥം).

ജഗദ്ഗുരുവായ ശങ്കരാചാര്യർക്കുപോലും ഈ പുരാണവചനം അനുസരിക്കേണ്ടിവന്നു എന്നതാണ് സത്യം. ശങ്കരാചാര്യരുടെ അമ്മയുടെ മരണത്തിനുമുമ്പ് അമ്മതന്നെപ്പറ്റി ഓർക്കുന്നുണ്ടെന്ന് ദിവ്യദൃഷ്ടിയാൽ മനസ്സിലാക്കിയ ശങ്കരാചാര്യർ പെട്ടെന്നുതന്നെ അമ്മയുടെ അടുക്കലെത്തി. അമ്മയുടെ ആഗ്രഹപ്രകാരം 'ശിവഭുജംഗവും' വിഷ്ണുഭുജംഗവും' ചൊല്ലി ശൈവവൈഷ്ണവരൂപങ്ങൾ പ്രത്യക്ഷമാക്കി കാണിച്ചുകൊടുത്തു. ശ്രീകൃഷ്ണ രൂപം ദർശിച്ച് അമ്മ മോക്ഷം പ്രാപിച്ചു.

അമ്മയുടെ മൃതദേഹം സംസ്കരിച്ചതിനുശേഷം ശങ്കരാചാര്യർ കുണ്ഡം പ്രദക്ഷിണം വച്ച് സാഷ്ടാംഗം നമസ്കരിച്ച് ഗദ്ഗദത്തോടുകൂടി 'മാതൃപഞ്ചകം' ചൊല്ലി. ശങ്കരഹൃദയത്തിലെ മാതൃസ്നേഹം അളക്കുവാൻ മാതൃപഞ്ചകത്തിലെ ആദ്യശ്ലോകം മാത്രം മതി.

പ്രസവസമയത്ത് ഒരമ്മ അനുഭവിക്കുന്ന വേദന, രുചിയില്ലായ്മ തുടങ്ങിയ ക്ലേശങ്ങൾ വിവരണാതീതമാണ്. അവതാരപുരുഷനോ, ബ്രഹ്മജ്ഞാനിയോ ആയ മകൻ എത്ര ഉന്നതനാണെങ്കിൽപോലും ഒരു വർഷത്തോളം ഗർഭപാത്രത്തിൽ ചുമക്കുന്ന ക്ലേശഭാരത്തിന് പ്രത്യുപകാരമാകുന്ന കൂലി കൊടുക്കുവാനും അവന് സാധിക്കുകയില്ല അമ്മേ. ആ അമ്മയ്ക്കായിക്കൊണ്ട് നമസ്കാരം എന്നാണ് ശങ്കരാചാര്യർ ചൊല്ലിയത്.

'ആസ്താം താവദിയം പ്രസൂതിസമയേ
ദുർവാരശൂലവ്യഥാ
നൈരുച്യം തനുശോഷണം മലമയീ
ശയ്യാ ച സാംവത്സരീ
ഏകസ്യാപി ന ഗർഭഭാരഭരണ-
ക്ലേശസ്യ യസ്യാ ക്ഷമോ
ദാതും നിഷ്കൃതിമുന്നതോऽപി തനയസ്-

തസ്യൈ ജനന്യൈ നമഃ'

- മാതൃപഞ്ചകം 1-ാം ശ്ലോകം.

ഈ ശ്ലോകത്തിന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വിവർത്തനം

'നില്ക്കട്ടെ പേറ്റുനോവിൻ കഥ,
രുചികുറയും കാലമേറ്റം ചടപ്പും
പൊയ്ക്കോട്ടെ കൂട്ടിടേണ്ടാ
മലമതിലൊരു കൊല്ലം കിടക്കും കിടപ്പും
നോക്കുമ്പോൾ ഗർഭമാകും
പെരിയ ചുമടെടുക്കുന്നതിൽ കൂലിപോലും
തീർക്കാവല്ലെത്രയോഗ്യൻ മകനു-
മതു നിലക്കുള്ളൊരമ്മേ തൊഴുന്നേൻ.'

പെറ്റമ്മയുടെ മുഴുവൻ ക്ലേശത്തെപ്പറ്റി പ്രസവിക്കാത്ത വിവാഹം കഴിക്കാത്ത ബ്രഹ്മചാരിയായ ശങ്കരൻ കുട്ടിയായിരിക്കുമ്പോൾത്തന്നെ അനുഭവിച്ചിരുന്നു.

ഗർഭസ്ഥശിശു പൊക്കിൾകൊടിയിൽക്കൂടി ഭക്ഷണവും വെള്ളവും സ്വീകരിക്കുന്നു. പ്രസവത്തോടുകൂടി പൊക്കിൾക്കൊടി ഛേദിക്കുന്നുണ്ടെങ്കിലും അമ്മയും കുഞ്ഞും തമ്മിലുള്ള പാരസ്പര്യത്തിന് ഛേദം സംഭവിക്കുന്നില്ല. ഈ 'അസ്നാവിര പാരസ്പര്യ'മാണ് മാതാവിന്റെ മഹത്വപൂർണ്ണമായ മാതൃപാരസ്പര്യം (അസ്നാവിരം - സ്നായുവില്ലാത്തത് - സിര അഥവാ ചരട് - ഇല്ലാത്തത്).

ദുഷ്ടനായ ഒരു പുത്രൻ ജനിച്ചേയ്ക്കാം എന്നാൽ ഒരിക്കലും ദുഷ്ടയായ ഒരു മാതാവ് ജനിക്കുന്നില്ല എന്ന് സ്തുതിച്ചുകൊണ്ട് മറ്റൊരിടത്ത് ശങ്കരാചാര്യർ ക്ഷമാപണം ചെയ്യുന്നത് ഇപ്രകാരമാണ്.

'പാർക്കിൽ, ദുഷ്പുത്രരുണ്ടാം
പറക, തനയരിൽ ദുഷ്ടയായമ്മയുണ്ടോ?'

സകല ജനങ്ങളെയും പാപതാപങ്ങളിൽനിന്ന് ഉദ്ധരിക്കുന്ന മംഗലസ്വരൂപിണിയായ അമ്മേ, അവിടുത്തെ ഉപാസിക്കുവാനുള്ള വിധികൾ അറിഞ്ഞുകൂടായ്കയാലും ധനമില്ലായ്കകയാലും അലസതയാലും വിധിപ്രകാരം ചെയ്യേണ്ടതു ചെയ്യാനുള്ള കഴിവുകേടുകൊണ്ടും അവിടുത്തെ പാദസേവ ചെയ്യുന്നതിൽ ഞാൻ വീഴ്ചക്കാരനായിപ്പോയി. എനിക്ക് ച്യുതി സംഭവിച്ചു (തെറ്റു പറ്റിപ്പോയി) അമ്മേ. ആ അപരാധം അവിടുന്ന് ക്ഷമിക്കണം. ദുഷിച്ച പുത്രൻ ഉണ്ടായെന്നുവരാം. എന്നാൽ മാതാവ് ദുഷ്ടയാവുകയില്ല. അമ്മയോട് സ്നേഹമില്ലാത്ത മക്കൾ ഉണ്ടാകാം.

എന്നാൽ മക്കളിൽ സ്നേഹമില്ലാത്ത അമ്മ ഉണ്ടാവുകയില്ല എന്ന് ഭാവം.

'വിധേരജ്ഞാനേന ദ്രവിണവിരഹേണാലസതയാ
വിധേയാശക്യത്വാത്തവചരണയോർയാ ച്യുതിരഭൂത്.
തദേതത് ക്ഷന്തവ്യം ജനനി സകലോദ്ധാരിണി ശിവേ
കുപുത്രോ ജായേത ക്വചിദപി കുമാതാ ന ഭവതി.'
-ദേവ്യപരാധക്ഷമാപണസ്തോത്രം (2, 3, 4 ശ്ലോകങ്ങൾ)

മരണത്തോടു മല്ലിടുന്ന അമ്മയുടെ അടുത്തുവരുവാൻ വൈകിപ്പോയ ശങ്കരാചാര്യരുടെ ക്ഷമായാചനം ഇപ്രകാരമായിരുന്നു.

മരിക്കുന്നതിനു തൊട്ടുമുമ്പായി അമ്മയുടെ നാവുനനക്കുവാനുള്ള വെള്ളം കൊടുക്കുവാൻ എനിക്കു സാധിച്ചില്ല. മരണ ദിവസം ശ്രാദ്ധം, തർപ്പണം മുതലായ കർമ്മങ്ങൾ വിധിപ്രകാരം ചെയ്യുവാൻ എനിക്ക് സാധിച്ചില്ല. ബലിച്ചോറ് കൊടുത്തില്ല. അമ്മയുടെ സായൂജ്യപ്രാപ്തി എളുപ്പമാക്കുവാൻവേണ്ടി അന്ത്യവേളയിൽ ചൊല്ലേണ്ടതായ ഓങ്കാരമായ താരകമന്ത്രവും മറ്റു സ്തുതികളും ചൊല്ലിക്കൊടുക്കുവാനും എനിക്കു സാധിച്ചില്ല. മരിക്കുന്നതിനുമുമ്പ് നേരത്തെത്തന്നെ എത്തിച്ചേരണ്ടതിനുപകരം വൈകി എത്തിയ എന്നിൽ കൂടുതൽ ദയ കാണിക്കേണമേ അമ്മേ.

'ന ദത്തം മാതസ്തേ മരണസമയേ തോയമപി വാ
സ്വധാ വാ നോ ദേയാ മരണദിവസെ ശ്രാദ്ധവിധിനാ
ന ജപ്തോ മാതസ്തേ മരണസമയേ താരകമനുഃ
അകാലേ സംപ്രാപ്തേ മയി കുരു ദയാം മാതരതുലാം.'
- മാതൃപഞ്ചകം 3-ാം ശ്ലോകം

ശ്രീനാരായണ ഗുരുദേവനും സ്വകൃതിയായ 'പിണ്ഡനന്ദി'യിൽ സ്വന്തം മാതാവിനെ സ്മരിക്കുന്നതായി കാണാം. എന്റെ അമ്മ എന്നെ പത്തുമാസം ഗർഭത്തിൽ ചുമന്ന് എരിപൊരികൊണ്ട് മനസ്സുരുകി ദീർഘമായി നിശ്വസിച്ച് കഠിനമായ വേദനയോടെ എന്നെ പ്രസവിച്ചു. അല്ലയോ ശംഭോ! അങ്ങയുടെ കാരുണ്യം അടിയനു തന്ന് അനുഗ്രഹിക്കണമെ.

'എൻതള്ളയെന്നെ അകമെ ചുമടായ് കിടത്തി
വെന്തുള്ളഴിഞ്ഞു വെറുതെ നെടുവീർപ്പുമിട്ടു,
നൊന്തിങ്ങു പെറ്റു നരിപോലെ കിടന്ന കുവ-
ന്നെന്താവതിങ്ങടിയനൊന്നരുളീടു ശംഭോ.'
-പിണ്ഡനന്ദി 8-ാം ശ്ലോകം.

മാതൃപിതൃശാപകാരണവും അതിന്റെ പ്രായശ്ചിത്തവും ജ്യോതിശ്ശാസ്ത്ര ഗ്രന്ഥങ്ങളിൽ കാണവാൻ സാധിക്കും. മാതൃശാപം ഭവിക്കാതിരിക്കുവാൻ മാതാവ് ജീവിച്ചിരിക്കുമ്പോൾ 'ശുശ്രൂഷാർത്ഥസമർപ്പണാദി'കൾ ചെയ്യണമെന്ന് വിധിച്ചിട്ടുണ്ട്. മാതാവിനെ ശുശ്രൂഷിക്കുക, ഇഷ്ടപ്പെട്ട വസ്തുക്കൾ മാതാവിന് നല്കുക, എപ്പോഴും മാതാവിന്റെ ഇഷ്ടത്തെ അനുസരിക്കുക മുതലായവകൊണ്ട് മാതാവിന്റെ പ്രീതി നേടണം.

'ശാപോഽസ്ത്യേവമുഡുപ്രഭുർ യദി ഭവേത് ശാപം
ജനന്യാ വദേത്......
പ്രീതിം വിദധ്യാത്'
-പ്രശ്നമാർഗ്ഗം 15-ാം അദ്ധ്യായം 39-ാം ശ്ലോകം)

മാതൃമരണാനന്തരം ശ്രാദ്ധം, തർപ്പണം, തിലഹോമം, ബ്രാഹ്മണഭോജനം മുതലായവയെക്കൊണ്ടും മാതാവിന്റെ പ്രീതി നേടണം. ('പരലോകഗതയസ്തു ശ്രാദ്ധ, തർപ്പണ, തിലഹോമ, ബ്രാഹ്മണഭോജനാദിഭിഃ പ്രീതിം വിദധ്യാത്' - ഉപരത്നശിഖാ വ്യാഖ്യാനം).

ഈ ജന്മത്തിലെ സന്താന ദുഃഖത്തിന്റെ കാരണങ്ങളിൽ ഒന്ന് കഴിഞ്ഞ ജന്മത്തിലെ മാതൃശാപമാണെന്നും ഇതിനു പ്രായശ്ചിത്തമായി സ്വർണ്ണംകൊണ്ടുള്ള പശുവിന്റെ പ്രതിമ ദാനം ചെയ്യണമെന്നും കർമ്മവിപാകപ്രകരണത്തിൽ വിധിച്ചിട്ടുണ്ട്.

'വിദ്വേഷ പ്രാണിഗണാദനാനി ജനനീ
വിദ്വേഷണം വാ ശിശോഃ ...
സന്തത്യാ അഭവസ്യ കാഞ്ചനമയീം
ധേനും പ്രദദ്യാദിഹ.'
(പ്രശ്നമാർഗ്ഗം 23-ാം അദ്ധ്യായം 33-ാം ശ്ലോകം)

'ലാഭേ മന്ദസമായോഗേ മാതൃസ്ഥാനേ ശുഭേതരേ
നീചേ പഞ്ചഗേ ചന്ദ്രേ മാതൃശാപാത് സുതക്ഷയഃ'
-ജ്യോതിഷകല്പദ്രുമം.

പതിനൊന്നിൽ ശനിയും നാലിൽ പാപനും അഞ്ചിൽ നീചസ്ഥിതനായ ചന്ദ്രനും വന്നാൽ മാതൃശാപംകൊണ്ട് പുത്രനാശമനുഭവിക്കുമെന്നു പറയണം.

'മാതൃസ്ഥാനധിപേ ഭൗമേ ശനിരാഹുസമന്വിതേ
ഭാനുചന്ദ്രയുതേ പുത്രേ ലഗ്നേ സന്തതിനാശനം'
-ജ്യോതിഷകല്പദ്രുമം

ചൊവ്വ 4-ാം ഭാവാധിപനായി ശനിയോടും രാഹുവിനോടും ▸▸

ചേർന്നു നില്ക്കുകയും 5-ൽ ആദിത്യനും ലഗ്നത്തിൽ ചന്ദ്രനും വരികയും ചെയ്താൽ മാതൃശാപത്താൽ പുത്രനാശത്തെ പറയണം.

ഏതു ശാപത്തിനും പരിഹാരവും പ്രായശ്ചിത്തവും വിധിക്കുന്നുണ്ട്. എന്നാൽ മാതൃശാപത്തിൽനിന്നും മോചനമില്ല എന്ന് മാതൃശാപമേറ്റ സഹോദരന്മാരോട് വാസുകി പറയുന്നു.

'സർവ്വേഷാമേവ ശാപാനാം
പ്രതിഘാതോ ഹി വിദ്യതെ
ന ഹി മാത്രാഭിശപ്താനാം
മോക്ഷഃ ക്വചന വിദ്യതെ.'

-മഹാഭാരതം 1/37/4

യാതൊരുവൻ മാതാവിന്റെ ഇഷ്ടമനുസരിച്ച് മാതൃഭക്തിയോടുകൂടി കർമ്മങ്ങൾ അനുഷ്ഠിക്കുന്നുവോ അതുതന്നെയാണ് ധർമ്മം എന്ന് ധർമ്മത്തെ അറിയുന്നവർ പറയുന്നു.

'മാതുശ്ച യത് ഹിതം കിഞ്ചിത്
കുരുതെ ഭക്തിതഃ പുമാൻ
തത് ധർമ്മം ഹി വിജാനീയാത്
ഏവം ധർമ്മവിദോ വിദുഃ'

-വഹ്നിപുരാണം

മാതാവിന്റെ ഗൗരവം പുല ആചരണത്തിലും കാണുവാൻ സാധിക്കും. കർമ്മനിഷ്ഠയുള്ള ബ്രാഹ്മണർക്ക് ഒരു പുല ആചരിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരു പുല വന്നാൽ രണ്ടാമത്തെ പുല ചുരുങ്ങുന്ന ആചാരമുണ്ട്. അവിടെ അമ്മ മരിച്ച പുലയിൽ അച്ഛൻ മരിച്ചാൽ അച്ഛൻ പുല മൂന്നു ദിവസമായി ചുരുങ്ങുന്നു. മറിച്ച് അച്ഛൻ മരിച്ച പുലയിൽ അമ്മ മരിച്ചാൽ അമ്മയുടെ പുല അഞ്ചു ദിവസമായിട്ടേ ചുരുങ്ങുകയുള്ളൂ. (മഹിഷമംഗലം ആശൗചം - അന്തഃപാതിപ്രകരണം) ഇവിടെയും മാതാവിന്റെ ഗൗരവത്തിന് പ്രസക്തി കാണുന്നു.

മാതൃഭക്തിയില്ലാതെ മാതൃമഹത്ത്വത്തെ തിരിച്ചറിയുവാൻ സാധിക്കില്ല. ഈ അറിവില്ലായ്മതന്നെയാണ്, ഈ കാലഘട്ടത്തിന്റെ ശാപവും. ഇതു തിരിച്ചറിഞ്ഞ് പ്രകീർത്തിച്ച ലോകത്തിലെ ഏക സംസ്കാരമാണ് ഭാരതസംസ്കാരം. സഹനത്തിലൂടെ, ക്ഷമയിലൂടെ, ത്യാഗത്തിലൂടെ അമ്മയായി മാറുമ്പോൾ മാത്രമെ ഒരു സ്ത്രീ മഹത്ത്വപ്പെടുകയുള്ളൂ.

'പത്തമ്മ ചേർന്നാലും പെറ്റമ്മ പോലാകില്ല.'
'മാതൃമഹത്ത്വം മഹാത്ഭുതം.'

■

## പുസ്തകനിരൂപണം :
### ലളിതാസ്തവരത്നം (ഗുരുപ്രിയാവ്യാഖ്യാ)

ഡോ. ജി. ഗംഗാധരൻ നായർ
(റിട്ട. ഡീൻ & പ്രൊഫ. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി)

മനുഷ്യജീവിത്തിൽ അമ്മയ്ക്കുള്ള സ്ഥാനം അതുല്യമാണ്. അതുകൊണ്ടുതന്നെ പുരാതനകാലം മുതൽക്കുതന്നെ അമ്മയെ ദേവതയായി ആരാധിക്കുന്ന രീതി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുണ്ട്. തൈത്തിരീയോപനിഷത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശിഷ്യന് ഗുരു കൊടുക്കുന്ന അനുശാസനത്തിന്റെ തുടക്കത്തിൽത്തന്നെ പറയുന്നുണ്ട് : 'മാതൃദേവോ ഭവ' (നീ മാതാവു ദേവതയായിട്ടുള്ളവൻ ആയിത്തീരട്ടെ). കാലക്രമേണ അമ്മയെ ആരാധിക്കുന്ന രീതി വികസിച്ച് ലോകത്ത് എല്ലാം സംഭവിക്കുന്നതിനു കാരണമായ ശക്തിയെ പ്രപഞ്ചമാതാവായി പൂജിയ്ക്കുന്ന സമ്പ്രദായം ഉടലെടുത്തു. ആ പരാശക്തിയെത്തന്നെ ആരാധിക്കുന്നതിൽ വിവിധശൈലികളും നിലവിൽ വന്നു. സനാതനധർമത്തിൽ ശങ്കരാചാര്യസ്വാമികൾ ആറു മതങ്ങൾ വ്യവസ്ഥാപിതമാക്കിയപ്പോൾ അവയിൽ ഒന്ന് ശാക്തേയമായിരുന്നു. ശക്ത്യാരാധനയിൽ പരാശക്തിയെ കാളി, ദുർഗ്ഗ, ത്രിപുരസുന്ദരി, ലളിത തുടങ്ങിയ പല പേരുകളിൽ വിളിക്കാറുണ്ട്. ദേവിയെക്കുറിച്ചുള്ള സ്തോത്രങ്ങൾ ജപിക്കുന്നവർക്ക് മനോബലവും സമാധാനവും ഉണ്ടാകുന്നുണ്ട് എന്നത് അനുഭവസിദ്ധമാണ്. ദേവ്യുപാസനകൊണ്ട് ജീവിതദുരിതങ്ങൾ നീങ്ങി ഭൗതിക നേട്ടങ്ങൾ കൈവരിച്ചവരും കഷ്ടപ്പാടുകളെ സധൈര്യം നേരിട്ടവരും വളരെയുണ്ട്.

ദേവിയെ നേരിട്ടുകാണുന്നില്ലെങ്കിലും ദേവി കുടികൊള്ളുന്ന ശ്രീചക്രത്തെ ഉപാസിച്ച് പലരും നിർവൃതിയടയുന്നു. ദേവിയുടെ ആസ്ഥാനമായ ശ്രീപുരം അതിന്റെ എല്ലാ ചുറ്റുവട്ടങ്ങളോടുംകൂടി മനസ്സിൽ ദർശിക്കാനും ധ്യാനിക്കാനും സാധിക്കുന്നത് ഒരു ഭാഗ്യംതന്നെ. ബ്രഹ്മാണ്ഡപുരാണത്തിലെ ലളിതോപാഖ്യാനം ശ്രീപുരത്തിന്റെ ഒരു നല്ല വാങ്മയചിത്രംതന്നെ നമുക്കു കാട്ടിത്തരുന്നുണ്ട്. അവിടെയുള്ള ശ്ലോകങ്ങളുടെ മൂന്നിലൊന്നുതന്നെയില്ല മഹർഷി ദുർവാസാവു രചിച്ച ലളിതാസ്തവരത്നത്തിൽ. എങ്കിലും ശ്രീപുരത്തെയും അതിൽ കുടികൊള്ളുന്ന ലളിതാദേവിയെയും സമഗ്രമായി വർണ്ണിക്കുന്നതിൽ ഒട്ടും പിന്നിലല്ല ലളിതാസ്തവരത്നം. ഈ സ്തോത്രം വായിച്ചു മനസ്സിലാക്കുന്നതിന് സംസ്കൃതഭാഷയിൽ സാമാന്യജ്ഞാനം പോരാ. സ്തോ

ത്രുത്തിൽ ആര്യാവൃത്തത്തിലുള്ള ഓരോ ശ്ലോകത്തിന്റെ അർത്ഥവും, പല വാക്കുകൾക്കുമുള്ള വിവരണവും, ചില ആശയങ്ങൾക്ക് യുക്തി സഹമായ വ്യാഖ്യാനവും ഉണ്ടെങ്കിലേ ഒരു സാധാരണ മലയാളിക്ക് ഇത് സുഗ്രഹമാവുകയുള്ളൂ. ഇവിടെയാണ് ശ്രീ പ്രകാശിന്റെ വ്യാഖ്യാനത്തിന്റെ പ്രസക്തി.

ദേവന്മാരുടെ ആവാസം സുമേരു പർവതത്തിന്റെ പല ഭാഗങ്ങളിലാണ്. അതിന്റെ മധ്യത്തിലുള്ള കൊടുമുടിയിലാണ് ദേവിയുടെ ശ്രീപുരം. അവിടെ എത്തിച്ചേരണമെങ്കിൽ എത്ര മതിലുകൾ കടക്കണം, ഇടയ്ക്ക് ഏതെല്ലാം ദേവന്മാരെയും ദേവിമാരെയും കാണാം, വഴിയിൽ എന്തെല്ലാം സുന്ദരദൃശ്യങ്ങളുണ്ട് എന്നെല്ലാം വർണ്ണിക്കുന്നതിന് സാധാരണ കാവ്യങ്ങളിലില്ലാത്ത അസംഖ്യം സംസ്കൃതവാക്കുകളെ വിന്യസിച്ചിട്ടുണ്ട് ദുർവാസാവ്. സംസ്കൃതവ്യാകരണത്തിൽ കഠിനാദ്ധ്വാനം ചെയ്ത് ഉന്നതബിരുദം നേടിയതും, വർഷങ്ങളായുള്ള സംസ്കൃതാദ്ധ്യാപന പരിചയവും, ശ്രീ കെ.ഏ. സുബ്രഹ്മണ്യയ്യരുടെ ശിഷ്യത്വവും, താന്ത്രികാചാര്യൻ ശ്രീ എൽ. ഗിരീഷ്കുമാറിന്റെ സഹവാസവും പ്രൗഢമായ വ്യാഖ്യാനം രചിക്കുന്നതിന് പ്രകാശന് സഹായകമായി എന്നത് നിസ്തർക്കമാണ്. സാധാരണ വാക്കുകളുടെ അപ്രസിദ്ധങ്ങളായ അർത്ഥങ്ങൾ ചില സന്ദർഭങ്ങളിൽ പ്രതിപാദ്യത്തിനു മാറ്റുകൂട്ടുന്നത് വ്യാഖ്യാതാവ് എടുത്തുകാണിച്ചിട്ടുണ്ട്. ഉദാഹരണമായി യോജനശബ്ദത്തിന് പരമാത്മാവ്, യോഗം എന്നീ രണ്ട് അർത്ഥങ്ങൾ പറഞ്ഞ് സന്ദർഭത്തിലെ സാംഗത്യം വിവരിക്കുന്നത് കാണുക (പുറം 17). ഗവേഷണത്തിൽ സമർത്ഥനായിരുന്ന പ്രകാശ് താൻ പറയുന്നതിൽ അനുവാചകനു സംശയമുണ്ടാകാതിരിക്കാൻ അടിക്കുറിപ്പുകളിൽ പ്രമാണങ്ങളും ഉദ്ധരിക്കുന്നുണ്ട്. ഗ്രന്ഥങ്ങളുടെ സംഗ്രഹസൂചിയിൽ നാല്പത്തിമൂന്നു പുസ്തകങ്ങളുടെ പേരുകൾ കാണുന്നതുതന്നെ ഈ വ്യാഖ്യാനത്തിന്റെ രചനയ്ക്കുവേണ്ടി പ്രകാശ് എത്രത്തോളം സസൂക്ഷ്മമായി പഠിച്ചിരിക്കുന്നുവെന്നതിനു തെളിവാണ്. തന്റെ കൃതിയുടെ ആധികാരികതയ്ക്ക് കോട്ടം തട്ടാൻ വ്യാഖ്യാതാവ് ഒരവസരവും നല്കുന്നില്ല.

ശാസ്ത്രാനുസാരിയായ യുക്തിയും ശിഷ്ടാചാരംകൊണ്ട് ലോകത്തു നിലനില്ക്കുന്ന സദാചാരവും നമ്മുടെ വ്യാഖ്യാതാവിന്റെ ചിന്തകളെ സ്വാധീനിച്ചിട്ടുണ്ട്. ദേവിയെ വർണ്ണിക്കുമ്പോൾ ഋഷി സദാചാരത്തെ മറികടക്കുന്നുവോ എന്നൊരു തോന്നൽ വ്യാഖ്യാതാവിനുണ്ടായിട്ടുണ്ട്. പാർവ്വതീപരമേശ്വരന്മാരെ പ്രപഞ്ചമാതാപിതാക്കളെന്നു വിശേഷിപ്പിച്ച കാളിദാസൻ ശിവന്റെയും പാർവ്വതിയുടെയും വിവാഹാനന്തരമുള്ള ലീലകളെ വർണ്ണിക്കുമ്പോൾ ഇതെല്ലാം പ്രകാശൻ മ